# മുടക്കുഴ ഗ്രാമപഞ്ചായത്ത്

പതിനാലാം പഞ്ചവത്സര പദ്ധതി (2022-2027)

4-ാം വാർഷിക പദ്ധതി

## 2025-26

## അന്തിമപദ്ധതിരേഖ

# ആമുഖം



ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ തുടക്കമിട്ട 14-ാം പഞ്ചവത്സര പദ്ധതി അതിന്റെ 4-ാം വർഷത്തിലേക്ക് (2025-26) പ്രവേശിക്കുമ്പോൾ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ഊടും പാവും നെയ്യുന്ന നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും അവ സാക്ഷാത്കരിക്കുകയും ചെയ്യുന്നതിനുള്ള ശ്രമത്തിന്റെ നേർ സാക്ഷ്യമായിട്ടാണ് ഈ പദ്ധതിരേഖ സമർപ്പിക്കുന്നത്. മുൻവർഷങ്ങളിലെ പദ്ധതികളും, മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിൽ അവ ഉണ്ടാക്കിയ പ്രതിഫലനങ്ങൾ വിശദമായി വിശ്ലേഷണം ചെയ്ത് ജയപരാജയങ്ങൾ വിലയിരുത്തി, അവസ്ഥരേഖ തയ്യാറാക്കി, വിവിധ മേഖലകളിൽ നിന്നുള്ള പ്രൊജക്ട് നിർദ്ദേശങ്ങൾ ആസൂത്രണസമിതിയിലും, ഗ്രാമസഭയിലും വർക്കിംഗ് ഗ്രൂപ്പിലും ചർച്ച ചെയ്ത് വികസന സെമിനാറിൽ സമർപ്പിക്കുന്ന ഈ കരട് പദ്ധതിരേഖ കൂടുതൽ നിർദ്ദേശങ്ങൾക്കും ചർച്ചകൾക്കുമായി സവിനയം സമർപ്പിക്കുന്നു. പൊതുവേ ഉത്പാദനം, സേവനം, പശ്ചാത്തലം എന്നിങ്ങനെ മേഖലകൾ തിരിച്ച് ആണ് പദ്ധതികൾ രൂപീകരിക്കുന്നത് എങ്കിലും ഈ പദ്ധതികൾ ഉൾക്കൊള്ളുന്ന വികസന പരിപ്രേക്ഷ്യം മുൻപെന്നത്തെക്കാളും ആശയ സമ്പുഷ്ടതയാൽ ആഴമേറിയതും പരപ്പുള്ളതുമാണ്. കാർഷിക മേഖലയിലും പശ്ചാത്തലമേഖലയിലും, സേവനമേഖലയിലും ആരോഗ്യരംഗത്തും, സാമൂഹ്യക്ഷേമരംഗത്തും, പാർപ്പിടമേഖലയിലും വിഭാവനം ചെയ്തിട്ടുള്ള വികസന നൈപുണ്യം മാലിന്യ സംസ്കരണ രംഗത്തും, കുടിവെള്ള സ്രോതസ്സുകളുടെ പരിപാലന രംഗത്തും, ദാരിദ്ര നിർമ്മാർജ്ജന രംഗത്തും പരിസ്ഥിതി സംരക്ഷണ രംഗത്തും പുതിയ മാനങ്ങൾ തേടുന്നു. സ്ത്രീ ശാക്തീകരണം, പട്ടികജാതി വികസനം, ദുരന്തനിവാരണം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന നിരവധി പദ്ധതികൾ 2025-26 സാമ്പത്തിക വർഷത്തേക്ക് വിഭാവനം ചെയ്യുന്നു.

തനത് ഫണ്ടിന്റെ അപര്യാപ്തതയും, പ്ലാൻ ഫണ്ടിന്റെ ലഭ്യതയിലുള്ള ഏറ്റക്കുറച്ചിലുകളും നിലനിൽക്കെത്തന്നെ നിരവധിപേർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനവും, വനിതകൾക്കും, തൊഴിൽരഹിതർക്കും മാന്യമായ വരുമാനവും ജീവിത സാഹചര്യങ്ങളും ഉറപ്പുവരുത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ജലക്ഷാമം കൂടുതലുള്ള പ്രദേശങ്ങളിൽ ആവശ്യത്തിന് കുടിവെള്ള പദ്ധതികൾ പഞ്ചായത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിനായി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷനും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. വാതിൽപ്പടി സേവനത്തിലൂടെ, സേവനങ്ങൾ, പെൻഷനുകൾ, മരുന്നുകൾ, ഭക്ഷണം എന്നിവ വീട്ടുപടിക്കൽ എത്തിച്ചു നൽകുന്നു. ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ ഹരിതകർമ്മസേന പ്രവർത്തനം, പ്ലാസ്റ്റിക് വേസ്റ്റ് കളക്ഷൻ സെന്റർ, വാർഡുകളിൽ മിനി എം.സി.എഫ് എന്നിവ നടപ്പിലാക്കിയും മുടക്കുഴ ഗ്രാമപഞ്ചായത്ത് തൻവർഷം മികവ് പുലർത്തി. തരിശ് കൃഷി ഭൂമിയിൽ കൃഷി ഇറക്കൽ,


ക്ഷീരകർഷകർക്ക് സബ്സിഡി എന്നിവയും എടുത്ത് പറയാവുന്ന മുൻവർഷ പദ്ധതികളാണ്. പഞ്ചായത്തിലെ ജലസ്രോതസ്സുകളായ പല ചിറകളും കെട്ടിസംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത് എന്ന മഹാത്മാഗാന്ധിയുടെ മഹത്തായ വചനത്തെ സാക്ഷാത്കരിക്കുന്നതിന് ഉതകുന്ന നിരവധി പദ്ധതികൾ 2025-26 ൽ നടപ്പിലാക്കാൻ മുടക്കുഴ ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്നു. പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള സംരഭകത്വവികസന ലക്ഷ്യം വയ്ക്കുന്ന, വ്യവസായ സംരഭങ്ങൾക്ക് ആവശ്യമായ അനുകൂല സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുന്ന, വിദ്യാഭ്യാസ യോഗ്യതയും നൈപുണ്യവുമുള്ള തൊഴിൽ രഹിതർക്ക് തൊഴിലവസരങ്ങൾ ലഭിക്കുവാൻ സഹായിക്കുന്ന പദ്ധതികൾ 2025-26 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുവാൻ പഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്. വൃദ്ധർ, ഭിന്നശേഷിക്കാർ, സ്ത്രീകൾ അശരണർ എന്നിവരുടെ സംരക്ഷണത്തിനും, ഉന്നതിക്കും ആരോഗ്യപരമായ ജീവിതത്തിനും പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ ദാരിദ്രമില്ലാതാക്കൽ ഭക്ഷ്യസുരക്ഷിതത്വം കൈവരിക്കൽ, ആരോഗ്യ പൂർണ്ണമായ ജീവിതം ഉറപ്പുവരുത്തൽ, വിദ്യാഭ്യാസം-തുല്യതയും, ഗുണപരതയും, ലിംഗസമത്വം, സുസ്ഥിര ജലപരിപാലനവും ശുചിത്വവും, ആധുനിക ഊർജ്ജത്തിന്റെ ഉപയോഗം, എല്ലാവർക്കും മാന്യമായ തൊഴിൽ, പശ്ചാത്തല സൗകര്യങ്ങളുടെ ലഭ്യത, സുസ്ഥിരവും സുരക്ഷിതവുമായ പാർപ്പിടം, സുസ്ഥിര ഉപഭോഗം, കാലാവസ്ഥാ വ്യതിയാനം നേരിടൽ, ഭൗമവ്യൂഹത്തിന്റെ സംരക്ഷണം, ഉത്തരവാദിത്വവും ഫലപ്രദവുമായ സ്ഥാപനങ്ങൾ, ആഗോള പങ്കാളിത്തം എന്നിവ ചിട്ടയായ പരിശ്രമത്തിലൂടെയും ലക്ഷ്യബോധത്തിലൂടെയും നേടിയെടുക്കുക എന്ന മഹത്തായ ആശയത്തിലേക്ക് പടിപടിയായി മുന്നേറാൻ ഉതകുന്ന പദ്ധതികൾ രൂപീകരിക്കാൻ മുടക്കുഴ ഗ്രാമപഞ്ചായത്തിന് കഴിയട്ടെ എന്ന ആശംസയോടെ ഈ പദ്ധതിരേഖ സമർപ്പിക്കുന്നു.

സ്നേഹത്തോടെ,

മുടക്കുഴ **പി.പി അവറാച്ചൻ**

10/04/2025 പ്രസിഡന്റ്


മുടക്കുഴ ഭൂപടം
DISTRICT : ERNAKULAM
PANCHAYATH : MUDAKUZHA
Scale 1 Cm = 300 Metres
(FOR ELECTION PURPOSE ONLY)
കൂവപ്പടി
വേങ്ങൂർ
കൂവപ്പടി
പെരുമ്പാവൂർ നഗരസഭ
രായമംഗലം
അശമന്നൂർ
1
2
3
4
5
6
7
8
9
10
11
12
13
വാർഡുകൾ
1. ഇളമ്പകപ്പിള്ളി വടക്ക്
2. അകനാട് വടക്ക്
3. വാണിയപ്പിള്ളി
4. മീമ്പാറ
5. പാണ്ടിക്കാട്
6. തുരുത്തി
7. പ്രളയക്കാട് തെക്ക്
8. പ്രളയക്കാട് വടക്ക്
9. പെട്ടമല
10. മുടക്കുഴ കിഴക്ക്
11. അകനാട് തെക്ക്
12. മുടക്കുഴ പടിഞ്ഞാറ്

# പൊതുവിവരങ്ങൾ

**മുടക്കുഴ ഗ്രാമപഞ്ചായത്ത് : രൂപീകരണം 1962 ജനുവരി 1**

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | വേങ്ങൂർ പഞ്ചായത്തും കൂവപ്പടി പഞ്ചായത്തും |
| പടിഞ്ഞാറ് | : | കൂവപ്പടി പഞ്ചായത്ത് |
| തെക്ക് | : | രായമംഗലം പഞ്ചായത്തും അശമന്നൂർ പഞ്ചായത്തും |
| കിഴക്ക് | : | അശമന്നൂർ പഞ്ചായത്തും, വേങ്ങൂർ പഞ്ചായത്തും |

ഇളമ്പകപ്പിള്ളി, ചുണ്ടക്കുഴി, മീമ്പാറ, മുടക്കുഴ, അകനാട്, തുരുത്തി, പ്രളയക്കാട് തുടങ്ങിയ വേങ്ങൂർ പഞ്ചായത്തിലെ ചെറു ഗ്രാമങ്ങൾ ചേർന്നാണ് 1962 ജനുവരി 1–ാം തീയതിയിലെ ജി.ഒ (ആർ.ടി) 7862/59–ാം നമ്പർ ഉത്തരവ് പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്.

## പൊതു വിവരണം

| | | |
|---|---|---|
| പേര് | : | മുടക്കുഴ |
| വിസ്തീർണ്ണം | : | 21.97 ച.കിലോമീറ്റർ |
| ജനസംഖ്യ | : | 17,355 (2011 സെൻസസ്) |
| സ്ത്രീകൾ | : | 8740 |
| പുരുഷൻമാർ | : | 8615 |
| പട്ടികജാതി | : | 2786 |
| പട്ടികവർഗം | : | 10 |
| വാർഡുകൾ | : | 13 |
| വില്ലേജ് | : | വേങ്ങൂർ വെസ്റ്റ് |
| ബ്ലോക്ക് | : | കൂവപ്പടി |
| താലൂക്ക് | : | കുന്നത്തുനാട് |
| ജില്ല | : | എറണാകുളം |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | കോടനാട് |
| നിയമസഭാ മണ്ഡലം | : | പെരുമ്പാവൂർ |
| ലോകസഭാ മണ്ഡലം | : | ചാലക്കുടി |
| ലോകസഭാ പ്രതിനിധി | : | ശ്രീ.ബെന്നി ബഹന്നാൻ |
| നിയമസഭാ മണ്ഡലം | : | പെരുമ്പാവൂർ |
| നിയമസഭാ പ്രതിനിധി | : | ശ്രീ. എൽദോസ് കുന്നപ്പിള്ളി |

## മുടക്കുഴ ഗ്രാമപഞ്ചായത്ത് ഭരണ സമിതി

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ.പി.പി അവറാച്ചൻ |
| വൈസ്. പ്രസിഡന്റ് | : | ശ്രീമതി. രജിത ജെയ്മോൻ |

## സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ

| | | | |
|---|---|---|---|
| 1. | ധനകാര്യം | : | ശ്രീമതി. രജിത ജെയ്മോൻ |
| 2. | വികസന കാര്യം | : | ശ്രീ.ജോസ് എ പോൾ |
| 3. | ക്ഷേമകാര്യം | : | ശ്രീമതി.വത്സ വേലായുധൻ |
| 4. | ആരോഗ്യം, വിദ്യാഭ്യാസം | : | ശ്രീ.കെ.ജെ മാത്യു |

## മുടക്കുഴ ഗ്രാമപഞ്ചായത്ത് വാർഡ് പ്രതിനിധികൾ

| വാർഡ് | പേര് | അംഗങ്ങളുടെ പേര് | ഫോൺ നമ്പർ |
|---|---|---|---|
| I | ഇളമ്പകപ്പിള്ളി വടക്ക് | ശ്രീമതി.ബിന്ദു ഉണ്ണി | 9544322727 |
| II | അകനാട് വടക്ക് | ശ്രീ.വിബിൻ പരമേശ്വരൻ | 9447938002 |
| III | വാണിയപ്പിള്ളി | ശ്രീമതി.റോഷ്നി എൽദോ | 9645560212 |
| IV | മീമ്പാറ | ശ്രീമതി.സോമി ബിജു | 9526559617 |
| V | പാണ്ടിക്കാട് | ശ്രീ.ജോസ് എ പോൾ | 9447510627 |
| VI | തുരുത്തി | ശ്രീ.പി.പി അവറാച്ചൻ | 9446867680 |
| VII | പ്രളയക്കാട് തെക്ക് | ശ്രീമതി.അനാമിക ശിവൻ | 9048497918 |
| VIII | പ്രളയക്കാട് വടക്ക് | ശ്രീമതി.വത്സ വേലായുധൻ | 9847378677 |
| IX | പെട്ടമല | ശ്രീ.ജേക്കബ് മാത്യു (കെ.ജെ മാത്യു) | 9961619397, 04842645178 |
| X | മുടക്കുഴ കിഴക്ക് | ശ്രീ.സുനിത് പി എസ് | 8606664697 |
| XI | അകനാട് തെക്ക് | ശ്രീമതി.നിഷ സന്ദീപ് | 8281476139 |
| XII | മുടക്കുഴ പടിഞ്ഞാറ് | ശ്രീമതി.ഡോളി മത്തായിക്കുടി | 7593953471 |
| XIII | ഇളമ്പകപ്പിള്ളി തെക്ക് | ശ്രീമതി.രജിത ജെയ്മോൻ | 9496173870 |

| | | |
|---|---|---|
| ആസൂത്രണസമിതി അദ്ധ്യക്ഷൻ | : | ശ്രീ.പി.പി അവറാച്ചൻ |
| ആസൂത്രണസമിതി ഉപാദ്ധ്യക്ഷൻ | : | അഡ്വ.ജോബി മാത്യു |
| സെക്രട്ടറി (പ്ലാൻ കോ ഓഡിനേറ്റർ) | : | സുമേഷ്കുമാർ പി കെ |
| അസി. പ്ലാൻ കോ ഓർഡിനേറ്റർ | : | ശ്രീ.ടോമി ജോൺ |

## ജില്ലാ പഞ്ചായത്ത് ഡിവിഷനും പ്രതിനിധികളും

കോടനാട് : ശ്രീ. മനോജ് മൂത്തേടൻ (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്)

## ബ്ലോക്ക് ഡിവിഷനും പ്രതിനിധികളും

| | | |
|---|---|---|
| ഇളമ്പകപ്പിള്ളി | : | ശ്രീ. അജിത്കുമാർ എ.റ്റി |
| കുറുപ്പുംപടി | : | ശ്രീ. ബേസിൽ പോൾ |
| മുടക്കുഴ | : | ശ്രീമതി. ഷോജ റോയി |

## പ്രധാന സർക്കാർ സ്ഥാപനങ്ങൾ

1. പബ്ലിക് ഹെൽത്ത് സെന്റർ, മുടക്കുഴ
2. കൃഷി ഓഫീസ്, മുടക്കുഴ
3. ഗവ.ആയുർവേദ ഡിസ്പെൻസറി, മുടക്കുഴ
4. ഗവ. വെറ്റേറിനറി ഡിസ്പെൻസറി, മുടക്കുഴ
5. ഗവ. വെറ്റേറിനറി ഡിസ്പെൻസറി, തുരുത്തി
6. ഗവ.ഹോമിയോ ഡിസ്പെൻസറി, തുരുത്തി
7. വില്ലേജ് ഓഫീസ്, വേങ്ങൂർ വെസ്റ്റ് വില്ലേജ് പ്രളയക്കാട്
8. എം.സി.എച്ച്. സബ് സെന്റർ, തുരുത്തി
9. എം.സി.എച്ച്. സബ് സെന്റർ. ചുണ്ടക്കുഴി
10. വി.ഇ.ഒ. ഓഫീസ്, തുരുത്തി
11. വി.ഇ.ഒ. ഓഫീസ്, അകനാട്
12. എൽ.എസ്.ജി.ഡി. ഓഫീസ്, മുടക്കുഴ
13. സാക്ഷരതാ തുടർവിദ്യാകേന്ദ്രം, മുടക്കുഴ
14. സാക്ഷരതാ തുടർവിദ്യാകേന്ദ്രം, ചുണ്ടക്കുഴി

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ (സർക്കാർ)

1. അകനാട് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
2. ഗവ.യു.പി.എസ്. മുടക്കുഴ
3. ഗവ.എൽ.പി. എസ്. അകനാട്
4. ഗവ.എൽ.പി.എസ്.പുഴുക്കാട്, തുരുത്തി
5. ഗവ.എൽ.പി.എസ്. വാണിയപ്പിള്ളി
6. പട്ടം യു.പി.എസ്.തുരുത്തി (എയ്ഡഡ്)
7. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ, മുടക്കുഴ

| | | |
|---|---|---|
| **അംഗൻവാടികൾ** | : | **19** |
| **പഞ്ചായത്തുവക ശിശുവിഹാർ** | : | **1** |
| **തുടർ വിദ്യാകേന്ദ്രങ്ങൾ** | : | **2** |
| **കുടുംബശ്രീ യൂണിറ്റുകൾ** | : | **132** |
| **ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ** | : | **1** |

| ആസൂത്രണസമിതി അംഗങ്ങൾ | | | |
|---|---|---|---|
| 1 | ശ്രീ.പി.പി അവറാച്ചൻ, പുളിയ്ക്കൽ വീട് (പ്രസിഡന്റ്) | അദ്ധ്യക്ഷൻ | 9446867680 |
| 2 | ശ്രീജോബി മാത്യു,മാണിയാട്ടുവീട്,ചുണ്ടക്കുഴിപി.ഒ | ഉപാദ്ധ്യക്ഷൻ | 9447062536 |
| 3 | ശ്രീമതി.രജിത ജെയ്മോൻ | അംഗം | 9496173870 |
| 4 | ശ്രീജോസ് എ.പോൾ,ആലിയാട്ടുകടി | അംഗം | 9447510627 |
| 5 | ശ്രീജേക്കബ്ബ് മാത്യു,കാരിക്കുടി | അംഗം | 9961619397 |
| 6 | ശ്രീമതിവത്സ വേലായുധൻ, വെട്ടിക്കാടന് | അംഗം | 9847378677 |
| 7 | ശ്രീമതിസി.എ ഓമന(റിട്ട.ഹെഡ്മിസ്ട്രസ്സ്) | അംഗം | 9447765229 |
| 8 | ശ്രീജോഷിതോമസ്,കല്ലുമലേക്കുടി | അംഗം | 9447815807 |
| 9 | ശ്രീവിപിൻ പരമേശ്വരന്,ഇടയത്ത് | അംഗം | 9447938002 |
| 10 | ശ്രീപോൾ.കെപോൾ, | അംഗം | 9446607074 |
| 11 | ശ്രീസന്തോഷ്കുമാർ പി.ബി,പുത്തൻപുര | അംഗം | 9744049859 |
| 12 | സെക്രട്ടറിമുടക്കുഴ ഗ്രാമപഞ്ചായത്ത് | അംഗം | 9496045739 |

**പഞ്ചായത്ത് ജീവനക്കാർ**

| *നം* | *പേര്* | *തസ്തിക* | *ഫോൺ* |
|---|---|---|---|
| 1 | സുമേഷ്കുമാർ പി കെ | സെക്രട്ടറി | 9496045739 |
| 2 | ശ്രീജ വി | അസി.സെക്രട്ടറി | 9895775847 |
| 3 | സ്മിത എസ് | ഹെഡ് ക്ളർക്ക് | 7012996987 |
| 4 | സന്തോഷ് കെ | ഹെഡ് അക്കൌണ്ടൻറ് | 8136863199 |
| 5 | ടോമി ജോൺ | സീനിയർ ക്ലർക്ക് | 9495321298 |
| 6 | അനീഷ് എ | സീനിയർ ക്ലർക്ക് | 9605803734 |
| 7 | ലക്ഷ്മിസലിം | സീനിയർ ക്ലർക്ക് | 9037667312 |
| 8 | രവി സി കെ | ക്ളർക്ക് | 9744493519 |
| 9 | ജിഷാമോൾ ആർ | ക്ളർക്ക് | 7907516580 |
| 10 | കൃഷ്ണകുമാർ വി ഡി | ക്ളർക്ക് | 9497285212 |
| 11 | പ്രീത സി കെ | ഓഫീസ്അറ്റൻറൻറ് | 9946749011 |
| 12 | എൽദോ സി വി | പാർട്ട് ടൈംസ്വീപ്പർ | 8943434776 |
| 13 | ബിനോയ് എ എ | പാർട്ട് ടൈം ലൈബ്രേറിയൻ | 9946659589 |
| 14 | എൽദോ.കെ.എം | ഡ്രൈവർ | 984793073 |
| 15 | വിഷ്ണു എം കെ | ടെക്നിക്കൽ അസിസ്റ്റന്റ് | 9961214640 |
| 16 | ബബിത ഇ ആർ | പ്രൊജക്ട് അസിസ്റ്റന്റ് | 9846081716 |
| 17 | കീർത്തന ആർ | വ്യവസായ വകുപ്പ് പ്രതിനിധി | 7025153392 |

## തൊഴിലുറപ്പ് വിഭാഗം

| | | | |
|---|---|---|---|
| 1 | ഷിബി എ സി | അക്രഡിറ്റഡ് എഞ്ചിനീയർ | 9656745275 |
| 2 | ജയശ്രീ കെ കെ | ഓവർസീയർ | 9656648442 |
| 3 | സൗമ്യ ജോഷി | ഡാറ്റ എൻട്രി ഓപ്പറേറ്റർ | 9847473858 |

## സാക്ഷരതാ പ്രേരക്മാർ

| | | | |
|---|---|---|---|
| 1 | രാധിക എൻ പി | സാക്ഷരതാ പ്രേരക് | 9961182816 |
| 2 | ബിന്ദു വി എ | സാക്ഷരതാ പ്രേരക് | 9847813877 |

## അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം

| | | | | |
|---|---|---|---|---|
| 1 | സൌമ്യ പി | അസി.എഞ്ചിനീയർ | | 9497358754 |
| 2 | ദിൽന ചെറിയാന് | ഓവർസിയര് | | 9496209732 |
| 3 | സനീഷ് പി ജി | ഓവർസിയർ | | 9961839947 |
| 4 | ഹിറ്റിമ കാരിക്കൽ | ട്രെയിനി | | 7034083601 |

## കുടുംബശ്രീ സി.ഡി.എസ്

| ക്രമ നം | പേര് | | ഫോൺ നമ്പർ |
|---|---|---|---|
| 1 | ഇന്ദുമണി | വാർഡ് 1 | 7034696316 |
| 2 | ബിന്ദു സജി | വാർഡ് 2 | 8594098760 |
| 3 | ദീപ ശ്രീജിത്ത് | വാർഡ് 3, ചെയർപേഴ്സൺ | 9562812042 |
| 4 | സുജാത കുഞ്ഞപ്പൻ | വാർഡ് 4 | 9539728224 |
| 5 | സിമി പി ബേബി | വാർഡ് 5 | 9747760029 |
| 6 | സാലി ബിജോയ് | വാർഡ് 6 | 9496227147 |
| 7 | കാഞ്ചന ബിജു | വാർഡ് 7 | 9400051194 |
| 8 | എൽസി കുര്യച്ചൻ | വാർഡ് 8 | 9526765953 |
| 9 | സൗമ്യ സജീവൻ | വാർഡ് 9 | 7034895604 |
| 10 | റെജി ഷിജുകുമാർ | വാർഡ് 10 | 9048809115 |
| 11 | സോഫി രാജൻ | വാർഡ് 11 | 9496431218 |
| 12 | ഷിജി ബെന്നി | വാർഡ് 12 വൈസ് ചെയർപേഴ്സൺ | 9961492377 |
| 13 | ഉഷ ദാസ് | വാർഡ് 13 | 9747265936 |
| 14 | സീന കെ എൻ | സി.ഡി.എസ് അക്കൗണ്ടന്റ് | 9847543757 |

## ഇംപ്ലിമെന്റിംഗ് ഓഫീസർമാർ

| | | | |
|---|---|---|---|
| 1 | ശ്രീമതി.സൗമ്യ പി | എ.ഇ, എൽ.എസ്.ജി.ഡി | 9497358754 |
| 2 | ശ്രീമതി. ഹാജിറ പി.എച്ച് | അഗ്രിക്കൾച്ചർ ഓഫീസർ | 9495818656 |
| 3 | ഡോ.എഡിസൺ മാത്യു | വെറ്റിനറി സർജൻ, മുടക്കുഴ (ഇൻ ചാർജ്ജ്) | 9633477835 |
| 4 | ഡോ. ജെസ്സി എ.എസ് | വെറ്റിനറി സർജൻ, തുരുത്തി | 9447238032 |
| 5 | ശ്രീമതി.റാണി കെ പി | വി.ഇ.ഒ തുരുത്തി (ഇൻ ചാർജ്ജ്) | 9207362123 |
| 6 | ശ്രീമതി.റാണി കെ പി | വി.ഇ.ഒ അകനാട് | 9207362123 |
| 6 | ഡോ.അരുൺ രാജ് ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 9895657245 |
| 7 | ഡോ. ബാസിമ മു അസം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 9840054842 |
| 8 | ഡോ. ബിന്ദു തോമസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 9048792486 |
| 9 | ശ്രീമതി.സിഞ്ചു തോമസ് | ഐസിഡിഎസ് സൂപ്പർവൈസർ | 9605722359 |
| 10 | ശ്രീമതി. ജ്യുവൽ ജോയ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 9961829878 |
| 11 | ശ്രീമതി.ശ്രീകല എൻ ജി | എച്ച്.എം. ജി.യു.പി.എസ്.മുടക്കുഴ | 9446969237 |

## ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ

| | | | |
|---|---|---|---|
| 1 | ഷീജ രാജപ്പൻ | കെയർ ടേക്കർ | 9495029283 |
| 2 | ആഷ്ലി എൽദോസ് | ഹെൽപ്പർ | 9744398467 |

## വിവിധ ഓഫീസുകൾ ഫോൺ നമ്പർ

| | | |
|---|---|---|
| 1 | മുടക്കുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് | 0484 - 2645057 |
| 2. | വില്ലേജ് ഓഫീസ്, വേങ്ങൂർ വെസ്റ്റ് | 0484 - 2645152 |
| 3 | കൃഷി ഓഫീസ്, മുടക്കുഴ | 0484 - 2645868 |
| 4. | എഫ്.എച്ച്.സി, മുടക്കുഴ | 0484 - 2643519 |
| 5. | മൃഗാശുപത്രി മുടക്കുഴ | 0484 - 2646044 |
| 6. | മൃഗാശുപത്രി തുരുത്തി | 0484 -2643011 |
| 7. | കുടുംബശ്രീ ഓഫീസ് | 0484 -2645390 |

# അദ്ധ്യായം 1

# തദ്ദേശ ഭരണസ്ഥാപനത്തിൻറെ വികസന സ്ഥിതി-അവസ്ഥ വിശകലനം

## ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിലാണ് മുടക്കുഴ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ഭൂപ്രകൃതിയനുസരിച്ച് കുന്നുകൾ, ചെരിഞ്ഞ പ്രദേശം, സമതലം, നെൽപ്പാടം എന്നിവയാണ് പഞ്ചായത്തിലുള്ളത്. പെട്ടമല, ചൂരമുടി, കണ്ണഞ്ചേരിമുകൾ, ചുണ്ടക്കുഴി തുടങ്ങിയ പ്രദേശങ്ങൾ കുന്നുകളും ചരിവുകളുമാണ്. സമുദ്രനിരപ്പിൽ നിന്ന് 800 അടി ഉയരമുള്ള ചൂരമുടിയാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം പഞ്ചായത്തിന്റെ ഏതാണ്ട് എല്ലാ വാർഡുകളെയും സ്പർശിച്ചുകൊണ്ട് കടന്നുപോകുന്ന മുടക്കുഴ തോടിന്റെ അവസാനഭാഗമായ ഇളമ്പകപ്പിള്ളിയാണ് ഏറ്റവും താഴ്ന്ന പ്രദേശം.

## ജനസംഖ്യ

2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ .17355 ആണ്. ഇതിൽ 8615 പേർ സ്ത്രീകളും .8740 പേർ പുരുഷൻമാരുമാണ്.

പട്ടികജാതി വിഭാഗത്തിൽ പെട്ട 2788 പേരാണ് 2011 സെൻസസ് പ്രകാരം ഉള്ളത്. ആകെ ജനസംഖ്യയുടെ ഏതാണ്ട് 17% ത്തോളം വരുന്ന പട്ടികജാതി വിഭാഗത്തിൽ ഭൂരിഭാഗം പേരും പിന്നോക്കാവസ്ഥ തരണം ചെയ്ത് വരുന്നതേ ഉള്ളു.

## സാമൂഹിക സാംസ്കാരിക സാമ്പത്തിക സ്ഥിതി

മുടക്കുഴ ഗ്രാമ പഞ്ചായത്തിന്റെ സമ്പദ്ഘടന മുഖ്യമായും കാർഷിക മേഖലയെ ആശ്രയിച്ചിരിക്കുന്നു. നെല്ല്, തെങ്ങ്, റബ്ബർ, വാഴ, ജാതി, കൊക്കോ എന്നിവയാണ് ഇവിടുത്തെ പ്രധാന കാർഷിക വിളകൾ. കാർഷിക ഉൽപ്പന്നങ്ങളുടെ വില ഇല്ലായ്മയും, കാറ്റ് വീഴ്ച, മണ്ഡരി തുടങ്ങിയ രോഗങ്ങൾ മൂലവും കൃഷി ലാഭകരമല്ലാതായിട്ടുണ്ട്.നാടിനെ ആകെ ഗ്രസിച്ച കൊറോണ എന്ന മാരക രോഗത്തിന് ശേഷം വ്യാപാര വ്യവസായ മേഖലകൾ പച്ചപിടിച്ച് വരുന്നതേ ഉള്ളു. ബൃഹത്തായ വ്യവസായങ്ങളൊ വാണിജ്യ സ്ഥാപനങ്ങളൊ ഇല്ലെങ്കിലും . വടക്കുപടിഞ്ഞാറു മേഖലയിൽ ചെറിയ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നത് ആശാവഹമാണ്.

ഉപജീവനത്തിനായി കാർഷിക മേഖലയെ ആശ്രയിക്കുന്ന ഈ പഞ്ചായത്തിലെ കർഷകരെ പരമാവധി സഹായിക്കാൻ കഴിഞ്ഞ പഞ്ചവത്സര പരിപാടികളിലൂടെ ശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ പഞ്ചവൽസര പദ്ധതി കാലയളവിൽ ഈ മേഖലയിൽ ധാരാളം പദ്ധതികളേറ്റെടുത്ത് നടത്തുകയുണ്ടായി. 13-ാം പദ്ധതിയിൽ നെൽകൃഷിക്കാർക്ക് രാസവളം,ജൈവവളം, കുമ്മായം മുതലായവ വിതരണം നടത്തിയിട്ടുണ്ട്. കർഷകർക്ക് ജലസേചനത്തിനായി കിണർ നിർമ്മിക്കുകയും, പമ്പ് സെറ്റുകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടില്ലറുകൾ, മെതിയന്ത്രങ്ങൾ തുടങ്ങിയ വാങ്ങി നൽകുകയും ചെയ്തു. ഇടവിളയായി പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് നടീൽ വസ്തുക്കളും കീടനാശിനികൾ തളിക്കുന്നതിനു വേണ്ടി സ്പ്രേയറുകളും കൂടാതെ വാഴകൃഷിക്കുവേണ്ട വിത്ത് വളം അടങ്ങിയ സഹായങ്ങൾ നൽകിയിട്ടുള്ളതാണ്. മൊത്തം പദ്ധതിയുടെ ഏകദേശം 30 % പദ്ധതികളും കൃഷിയെ ഉദ്ദേശിച്ചാണ്

നടത്തിയതെങ്കിലും ഉൽപാദന വർദ്ധനവിന് കാര്യമായ സംഭാവനകൾ ചെയ്യാൻ കഴിഞ്ഞില്ല. അതേസമയം ഏകദേശം18 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കാനും നഷ്ടത്തിൽ നെൽകൃഷി ചെയ്യുന്ന കർഷകരെ ഈ മേഖലയിൽ തന്നെ പിടിച്ച് നിർത്താനും കഴിഞ്ഞിട്ടുണ്ട്. പാടശേഖര സമതികൾ കാര്യക്ഷമമാക്കുക, അത്യുത്പാദന ശേഷിയുള്ള പുതിയ ഇനം വിത്തുകൾ തക്കസമയത്തു നൽകുക. , ഗ്രൂപ്പ് ഫാമിംഗ് ശക്തമാക്കുക, ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുക, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കർഷക തൊഴിലാളികളുടെ ലഭ്യത കുറഞ്ഞുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ വേണ്ടത്ര കാർഷിക ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക. തുടങ്ങിയവയിലൂടെ കാർഷിക മേഖല ലാഭകരമാക്കാൻ സാധിച്ചേക്കും.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ വൻ വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ചെറുകിട മേഖലയിൽ പൈപ്പ്, വാട്ടർ ടാങ്ക് നിർമ്മാണം, എഞ്ചിനീയറിംഗ്, സിമന്റ്, ഇഷ്ടിക നിർമ്മാണം, തടി, ഫർണീച്ചർ, മുതലായവയാണ് പ്രധാന സംരംഭങ്ങൾ. ചെറുകിട വ്യവസായ രംഗത്തുള്ളവർക്ക് ലാഭകരമായി സംരംഭങ്ങൾ തുടങ്ങുന്നതിന് പശ്ചാത്തല സൗകര്യമൊരുക്കുകയും മൈക്രോ സംരംഭങ്ങളിലൂടെ സാമ്പത്തിക രംഗത്ത് പുത്തൻ ഉണർവ്വ് സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. കുടുംബശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിന് മുൻ വർഷങ്ങളിൽ റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്.വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സർക്കാർ നയത്തിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ ഒരു പ്രതിനിധിയുടെ സഹായം പുതിയതായി വ്യവസായങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവർക്കായി ഹെൽപ് ഡെസ്ക് എന്ന നിലയിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

കൊറോണക്ക് പുറമെ ആരോഗ്യരംഗത്ത് നാം നേരിടുന്ന വെല്ലുവിളികളിൽ എടുത്ത് പറയേണ്ടത് അടുത്ത കാലത്തുണ്ടായ പകർച്ചവ്യാധികളായ കൊതുകു ജന്യ രോഗങ്ങളാണ്. മുൻ വർഷങ്ങളിൽ ആരോഗ്യ മേഖലയിൽ നാം നടപ്പിലാക്കിയ പദ്ധതികൾ ഒരളവുവരെ പകർച്ചവ്യാധികൾ തടയുന്നതിന് നമ്മെ സഹായിച്ചിട്ടുണ്ട്.കൊറോണ വ്യാപകമായ സമയത്ത് പ്രതിരോധപ്രവർത്തനങ്ങൾക്കും രോഗികളുടെ ചികിൽസക്കും ് മുടക്കുഴ പി.എച്ച്.സി., മുടക്കുഴ ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവ ഈ രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്നുണ്ട്. ജലജന്യ രോഗങ്ങൾ,എലിപ്പനി മുതലായവക്കെതിരെയും പഞ്ചായത്ത് ശമായ പ്രതിരോധപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ളതാണ്.

പ്രത്യേകിച്ചും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ കുടിവെള്ളവിതരണം പൂർണ്ണമായും കുറ്റമറ്റതാക്കിത്തീർക്കാനായിട്ടില്ല. പുളിഞ്ചോട് കുടിവെള്ള പദ്ധതി, തുരുത്തി കുടിവെള്ള പദ്ധതി എന്നിവ പൂർത്തിയാക്കുന്നതിന് സാധിച്ചു.പുതിയതായി ARWSS സ്കീമിൽ ആരംഭിച്ച പെട്ടമല കുടിവെള്ള പദ്ധതി ഇളമ്പകപ്പിള്ളി ബാലവാടി കോളനി പദ്ധതി,കല്ലുമല കുടിവെള്ള പദ്ധതി എന്നിവയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വടുചിറ,ചുരുളിചിറ തുടങ്ങിയ മുടക്കുഴ ഗ്രാമപഞ്ചായത്തിലെ ജലസമൃദ്ധമായ നിരവധി ജലസ്രോതസ്സുകൾ പുനരുദ്ധരിച്ച് കുടിവെള്ള ലഭ്യതക്ക് ഉതകും വിധം സജ്ജമാക്കിയിട്ടുള്ളതാണ..കൂടുതൽ ജലസ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കി പഞ്ചായത്തിന്റെ ജലലഭ്യത ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്.വേനൽ രൂക്ഷമായ കാലയളവിൽ കുടിവെള്ള ടാങ്കറിൽ വെള്ളം എത്തിച്ച്കൊടുക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുള്ളതാണ്.

ശുചിത്വ കാര്യത്തിൽ വ്യക്തിശുചിത്വം, കുടുംബ ശുചിത്വം എന്നീ രംഗത്ത് നേട്ടമുണ്ടായിട്ടുണ്ട് .മുടക്കുഴ ഗ്രാമപഞ്ചായത്തിൽ അസംസ്കൃത മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഹരിതകർമ്മസേന രൂപീകരിക്കുകയും മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേന അംഗങ്ങൾ വീടുകൾ തോറും ചെന്ന് പ്ളാസ്റ്റിക് വേസ്റ്റ് കളക്ട് ചെയ്യുന്ന നടപടി ആരംഭിച്ച്കഴിഞ്ഞു. ദാരിദ്ര്യ ലഘൂകരണ മേഖലയിൽ ആശ്രയ പദ്ധതിയും ഭക്ഷണം, ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സംവിധാനങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് വരുന്നു. വൃദ്ധജനങ്ങളുടേയും വികലാംഗരുടേയും സംരക്ഷണത്തിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

പട്ടികജാതിക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. പട്ടികജാതി വിഭാഗക്കാർക്ക് സൗജന്യ വാട്ടർ കണക്ഷൻ നൽകുന്നതിനായി പഞ്ചായത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിന് തുക വാട്ടർ അതോറിറ്റിയിൽ ഡപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പദ്ധതി പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ കണക്ഷൻഎടുത്തുവരുന്നവർക്ക് തുക അനുവദിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ച് വരുന്നു. പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായുള്ള നിരവധി പരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# അദ്ധ്യായം 2

## വാർഷിക പദ്ധതി അവലോകനം

### കൃഷി അനുബന്ധമേഖല

മുടക്കുഴ ഗ്രാമപഞ്ചായത്ത് നിവാസികൾ ഭൂരിഭാഗവുംനെൽകൃഷിയും കാലിവളർത്തലും ഉൾപ്പെടെകാർഷികമേഖലയുമായി ബന്ധപ്പെട്ട്ജീവിക്കുന്നവരാണ്.14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത്കൃഷിയുമായി ബന്ധപ്പെട്ട് ധാരാളം പദ്ധതികൾ പഞ്ചായത്ത്ആവിഷ്കരിച്ച് വരുന്നു. കഴിഞ്ഞ വാർഷിക പദ്ധതിക്കാലത്ത്വളരെവിജയപ്രദമായി സാധാരണക്കാരിലേക്ക് നേട്ടങ്ങൾ എത്തിക്കുന്നതിന് ഒരു പറ്റം ഉത്പാദന മേഖല പ്രോജക്ടുകൾചൂണ്ടിക്കാണിക്കാൻ കഴിയും. ഇവയിൽ പ്രധാനപ്പെട്ടവയാണ് നെൽകൃഷിക്ക്കൂലിചിലവ്സബ്സിഡി,പുരയിടകൃഷിവികസനം എന്നിവ. പുരയിടകൃഷിവികസനം എന്ന പദ്ധതിയിലൂടെ ചെറുകിട നാമമാത്ര കർഷകർക്ക്വളവും കുമ്മായവും നാമമാത്രമായഗുണഭോക്തൃവിഹിതത്തോടെ നൽകാൻ കഴിഞ്ഞത് 14-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷത്തെ വിജയമായിത്തന്നെ കണക്കാക്കാം. തെങ്ങു കയറ്റതൊഴിലാളികൾ എണ്ണത്തിൽകുറവായഇക്കാലത്ത് പഞ്ചായത്ത് നേരിട്ട് ഇടപെട്ട് കേരസംരക്ഷണം എന്ന പദ്ധതിയിലൂടെ തെങ്ങ് ഒരുക്കുന്നതിനും,തുരിശ്തളിക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുള്ളതാണ്. പൂർണ്ണമായും പൂർത്തീകരിക്കാൻ കഴിഞ്ഞ ഈ പദ്ധതികൾ വരുംകാലങ്ങളിൽ നേട്ടമുണ്ടാക്കാൻ കഴിയുമെന്നതിന് സംശയമില്ല. തരിശ് ഭൂമിയെകൃഷി ഭൂമിയാക്കിമാറ്റുവാൻ പഞ്ചായത്തും കൃഷിവകുപ്പും നടത്തിയ ശ്രമങ്ങളുടെ ഭാഗമായി 10 ഹെക്ടറോളംതരിശു ഭൂമികൃഷി ഭൂമിയാക്കാൻ കഴിഞ്ഞുഎന്നത്അഭിനന്ദനാർഹമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക കർമ്മസേന രൂപീകരിച്ച്കൃഷിരംഗത്ത് പുതിയഒരുചുവട്വച്ചതിനോടൊപ്പം ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി അതിന്റെ അന്തസത്ത ഉൾക്കൊണ്ട് പഞ്ചായത്ത്ഏറ്റെടുക്കാൻ തയ്യാറായിരിക്കുന്നു.. കൃഷിവകുപ്പുമായിചേർന്ന്സംയുക്ത പദ്ധതികൾ ആയ ഫലവൃക്ഷ തൈവിതരണം, വൃക്ഷ തൈവിതരണംഎന്നിങ്ങനെ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുകയുണ്ടായി.

### മൃഗസംരക്ഷണം, ക്ഷീരവികസനം.

കഴിഞ്ഞ പഞ്ച വത്സര പദ്ധതിക്കാല്ത്ത് പൊതുവായി ഫണ്ട് വകയിരുത്തിയിരുന്ന പദ്ധതിയാണ് തുരുത്തി,മുടക്കുഴമൃഗാശപത്രികൾക്ക് മരുന്ന്വാങ്ങൽ, പേവിഷബാധ നിർമ്മാർജ്ജനം , കന്നുകുട്ടി പരിപാലനം എന്നിവ.കന്നുകുട്ടി പരിപാലനത്തിനായി പഞ്ചായത്ത് ഫണ്ടും , ഡിപ്പാർട്ടുമെന്റ് ഫണ്ടും വകയിരുത്താറുണ്ടെങ്കിലും ഡിപ്പാർട്ട്മെന്റ് ഫണ്ട് ലഭിക്കാത്ത സ്ഥിതിവിശേഷമാണ്സംജാതമായിട്ടുള്ളത്. വനിതകൾക്കായിപട്ടികജാതിവിഭാഗത്തിന് മുട്ടക്കോഴിവിതരണത്തിന് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. ക്ഷീര സഹകരണസംഘ്ങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി നൽകുന്ന പദ്ധതിക്കായി 4 ലക്ഷംരൂപ ഓരോവർഷവുംവകയിരുത്താറുണ്ടെങ്കിലുംമുടക്കുഴ ഗ്രാമ പഞ്ചായത്തിലെ ക്ഷീരകർഷകരുടെ ബാഹുല്യംവച്ച് നോക്കുമ്പോൾ ഈ തുകതുലോംകുറവാണ് എന്ന് കാണാം. പ്രത്യേകിച്ചും പശു ഫാമുകളുടെ എണ്ണത്തിൽ വൻ വർദ്ധ് ഉണ്ടായിട്ടുള്ളസാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പിന് കൂടുതല് തുക വകയിരുത്തണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്.

## ആരോഗ്യമേഖല

കൊവിഡ് ഉൾപ്പെടെയുള്ള പകർച്ച വ്യാധികൾ മൂലംവളരെ ബുദ്ധിമുട്ട് അനുഭവിച്ച മേഖലയാണ്ആരോഗ്യമേഖല.എല്ലാവർഷവുംമരുന്ന്വാങ്ങുന്നതിനും, പാലിയേറ്റീവ്കെയറിനും കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. വൻ സാമ്പത്തികചെലവ്സഹിക്കേണ്ടിവന്നെങ്കിലുംസമയോചിതമായി ഉണർന്നു പ്രവർത്തിച്ച ആരോഗ്യ പ്രവർത്തകരും ജനപ്രതിനിധികളും സന്നദ്ധപ്രവർത്തകരും മേഖലയുടെ രക്ഷകരായിമാറിഎന്നത്എടുത്ത് പറയേണ്ടകാര്യമാണ്.ജില്ലാ പഞ്ചായത്തുമായിസംയുക്തമായി ക്ഷയരോഗ നിർമ്മാർജ്ജനത്തിനും ക്യാൻസർ രോഗികൾക്കായും ഡയാലിസിസ്വേണ്ട വൃക്കരോഗികൾക്കായുംരൂപീകരിച്ച പദ്ധതികൾ എടുത്തു പറയേണ്ടവയാണ്. ആയുർവേദരംഗത്ത്മരുന്ന്വാങ്ങൽകൂടാതെമുടക്കുഴ ഗ്രാമ പഞ്ചായത്ത്രൂപീകരിച്ച നവീന പദ്ധതിയാണ് ഗർഭിണി സൂതികാപരിചരണം. ഈ രണ്ടു പദ്ധതികളും വരുംകാലങ്ങളിലും പഞ്ചായത്തിന്റെ മുൻഗണനാ പട്ടികയിൽ പെടുത്തേണ്ടതുതന്നെയാണ്. മികച്ച സൗകര്യങ്ങളോടുകൂടിയഹോമിയോ ആശുപത്രി,മുടക്കുഴകോവിഡ് പ്രതിരോധ മരുന്ന്വിതരണംഉൾപ്പെടെ ഗ്രാമ പഞ്ചായത്തിന്റെ ആരോഗ്യരംഗത്ത് നിരവധി നേട്ടങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. മുടക്കുഴ പി.എച്ച്.സി, ഫാമിലി ഹെല്ത്ത് സെന്ററായി മാറിയത് ഈ സാമ്പത്തിക വർഷമാണ്. ഇതോടനുബന്ധിച്ച ചെലവുകൾ നിരവധിയായിരുന്നു. ഡോക്ടറ്മാരുടെയും നഴ്സ്മാരുടെയും നിയമനത്തിന് പഞ്ചായത്ത് കൂടുതല് തുക കണ്ടെത്തേണ്ടതായുണ്ട്.

## പാർപ്പിടമേഖല

കഴിഞ്ഞപദ്ധതി കാലയളവിൽകൂടുതൽ പ്രാധാന്യംകൊടുത്ത് പഞ്ചായത്ത്കൈകാര്യംചെയ്തമേഖലയാണ് പാർപ്പിടമേഖല. പട്ടികജാതിവിഭാഗത്തിനും ജനറൽവിഭാഗത്തിനും യഥാക്രമം 1228000, 2675000എന്നിങ്ങനെ വികസന ഫണ്ട് വകയിരുത്തിവരുന്നു. ഇതോടൊപ്പംതന്നെ ലൈഫ് ഭവന പദ്ധതിക്കായിബ്ലോക്ക്ജില്ലാ പഞ്ചായത്തുകളുടെസഹായത്തോടെ തുക വകയിരുത്തിവരുന്നു. 2020 ലെ ലൈഫ്ഗുണഭോക്താക്കളുടെ പുതിയ പട്ടികഅംഗീകരിച്ച് പുറത്തുവന്നിട്ടുള്ളതാണ്.ആയതിനാല് ഈ മേഖലയിൽകൂടുതൽ തുക വകയിരുത്തേണ്ടതായിവരും. ലൈഫ് ഭവന പദ്ധതിക്കായി ജനറൽവിഭാഗത്തിൽ 64 ലക്ഷംരൂപയും പട്ടികജാതിവി ഭാഗ ത്തിൽ 60 ലക്ഷംരൂപയുംബ്ലോക്ക് പഞ്ചായത്തുംജില്ലാ പഞ്ചായത്തും സംയുക്തമായി വകയിരുത്തുകയുണ്ടായി.മാലിന്യ സംസ്ക്കരണമേഖലയിൽഹരിത കർമ്മ സേന രൂപീകരണവുംഎം.സി.എഫ് രൂപീകരണവും പൂർത്തിയായശേഷംഇതുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടിവരുന്നു.ഹരിത കർമ്മ സേനക്ക് വി ജിഎഫ്, ക്ലീൻ കേരളകമ്പനിയുമായി എഗ്രിമെന്റുടങ്ങിയ നിരവധി പദ്ധതികൾ രൂപീകരിക്കുകയുണ്ടായി. വാർഡുകളിൽ മിനി എം.എസിഫുകൾ പണിയുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണ്. വാഹനം നൽകുന്നതിന് പദ്ധതി അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്.

സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട വിഭാഗത്തിന് ഉന്നമനത്തിനായിഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണത്തിനായി അനിവാര്യ പദ്ധതിയിൽ പെടുത്തി 750000രൂപ വകയിരുത്തേണ്ടതായി വന്നിട്ടുണ്ട്.മാറിയസാഹചര്യത്തിൽബ്ലോക്ക്,ജില്ല പഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെതുകയിൽ വർദ്ധനവ് അനിവാര്യമാണ്. ഗർഭിണികളായ സ്ത്രീകളുടേയുംകുട്ടികളുടേയുംആരോഗ്യസംരക്ഷണത്തിനായി അനുപൂരക പോഷകാഹാരവിതരണം എന്ന പദ്ധതി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്നു. ഭിന്നശേഷിവിഭാഗത്തിന്റെ കലോത്സവത്തിന്റെതുകവകയിരുത്തേണ്ടതുണ്ട്.

**ചെറുകിട വ്യവസായം**

വ്യവസായങ്ങൾ പൊതുവെ കുറവായ ഒരു മേഖലയാണ് മുടക്കുഴ. ഏതാനും ചില പ്ലൈവുഡ് കമ്പനികളും പാറമടകളും കഴിഞ്ഞാൽ വൻ വ്യവസായങ്ങൾ ഒന്നും തന്നെയില്ല എന്നത് പഞ്ചായത്തിന്റെ തനത് വരുമാനത്തെ തന്നെ ബാധിക്കുന്ന ഘടകമാണ്. പഞ്ചായത്ത് കൂടുതൽ വ്യവസായ സൗഹൃദമാകേണ്ടതുണ്ട്. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ലോണുകളും മറ്റും അനുവദിച്ച്-അല്ലെങ്കിൽ അതിനുള്ള വേദി ഒരുക്കി മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ ഈ മേഖലയിൽ ഏറെ ശ്രദ്ധ അർഹിക്കുന്നു. കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട്, വിവിധ പരിശീലനം എന്നിവ പഞ്ചായത്ത് ഏറ്റെടുക്കണം. പഞ്ചായത്തിൽ പലയിടത്തും വനിത തൊഴിൽ പരിശീലന യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ ഫല പ്രാപ്തിയിൽ എത്തിക്കേണ്ടിയിരിക്കുന്നു എന്നത് 14-ാം പഞ്ചവത്സര പദ്ധതിയിലാണ് മുൻതൂക്കം കൊടുക്കേണ്ട മേഖലയാണ്.ഗ്രാമങ്ങളിലെ ദാരിദ്ര ലഘൂകരണത്തിന്റെ ഭാഗമായി സംരഭകത്വ വികസനവും തൊഴിൽ പരിശീലനവും ഉൾപ്പെടുത്തുന്നതിനും നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

**ദാരിദ്രലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)**

എത്രവികസന പ്രവർത്തനങ്ങൾ ഏറ്റെടുത്താലും ദാരിദ്ര ലഘൂകരണത്തിൽ പഞ്ചായത്ത് എത്രമാത്രം മുന്നോട്ട് പോകന്നു എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. എല്ലാവർക്കും ഭവനം, ഭക്ഷണം, അവസരങ്ങൾ എന്നിവ ദാരിദ്ര ലഘൂകരണ പ്രക്രിയയിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ട അജണ്ടയാണ്. 14-ാം പഞ്ചവത്സര പദ്ധതിയ്ക്ക് ഏറ്റെടുക്കേണ്ട പ്രധാനപ്പെട്ടതും അനിവാര്യവുമായ പദ്ധതിയാണ് ആശ്രയ പദ്ധതി. അശരണരായവർക്ക് കിറ്റുകളും മറ്റ് സഹായങ്ങളും എത്തിച്ച് കൊടുക്കുന്ന പ്രസ്തുത പദ്ധതിക്ക് തുടർന്നും ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. 2021 ൽ സംസ്ഥാന തലത്തിൽ തന്നെ അതിദരിദ്രരുടെ പട്ടിക ഉണ്ടാക്കിയിട്ടുള്ളതാണ്. മുടക്കുഴ ഗ്രാമപഞ്ചായത്തിലെ അതിദരിദ്രരെ സംരക്ഷിക്കുന്നതിനായി അടുത്ത 5 വർഷത്തിനകം അവരെ അതിദരിദ്രരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കാൻ പദ്ധതികൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. കേരള സർക്കാർ അ 100 ദിവസ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വാതിൽപ്പടി സേവനം എന്ന പദ്ധതി 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള അനിവാര്യ പദ്ധതിയാണ്. അശരണർക്ക് ഭക്ഷണം, മരുന്നുകൾ ഉൾപ്പെടെയുള്ള സേവനങ്ങൾ വീട്ട് പടിക്കൽ എത്തിച്ചു നൽകുന്നതിന് ഉള്ള പ്രസ്തുത പദ്ധതിയ്ക്കായി പഞ്ചായത്ത് ഫണ്ട് കണ്ടെത്തേണ്ടതായിട്ടുണ്ട്. കൂടാതെ ഇവരെ സഹായിക്കാൻ ഇറങ്ങുന്ന സന്നദ്ധ പ്രവർത്തകരുടെ ചെലവും പഞ്ചായത്ത് വഹിക്കേണ്ടതുണ്ട്. ഇ.എം.എസ് ഭവന പദ്ധതി, പി.എം.എ.വൈ, ഐ.എ.വൈ തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ധാരാളം പേർക്ക് ഭവനം ലഭ്യമാക്കുവാൻ കഴിഞ്ഞെങ്കിലും പാർപ്പിട മേഖലയിൽ പഞ്ചായത്തുകൾക്ക് ഏറെ മുന്നോട്ട് പേകേണ്ടതുണ്ട് എന്നതിനാലാണ് 2015 ൽ ലൈഫ് ഭവന പദ്ധതി സർക്കാർ ആവിഷ്കരിച്ചതും പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നതും മുൻ ലിസ്റ്റിൽ ഉള്ളവരും 2020 ൽ പുതുതായി അപേക്ഷ സമർപ്പിച്ചവരുമായ നിരവധി ഭൂരഹിത ഭവനരഹിതരരുടെയും, ഭവനരഹിതരുടെയും പാർപ്പിടത്തിന്റെ വിഷയം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തേ തീരൂ. ഇതിനായി പഞ്ചായത്ത് അനിവാര്യ തുക വകയിരുത്തുന്നതിന് പുറമെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെയും ഹഡ്കോ ലോൺ ലഭ്യമാക്കിയും 14-ാം പഞ്ചവത്സരപദ്ധതി രണ്ടാം വർഷ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. പഴയവീടുകളുടെ പുനരുദ്ധാരണം വേണ്ട അവസ്ഥയിൽ നിരവധിപേർ ബുദ്ധിമുട്ടുന്നുണ്ട്. ഭവനപുനരുദ്ധാരണത്തിനും കക്കൂസ് നിർമ്മാണംപോലെയുള്ള അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിനും പദ്ധതികൾ ഏറ്റെടുത്തേ തീരൂ. 20 രൂപയ്ക്ക് ഊണ് ലഭ്യമാക്കി കുടുംബശ്രീ ഹോട്ടലിലൂടെ ഗ്രാമപഞ്ചായ്തിൽ ആരും വിശന്നിരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇത്തരം കുടുംബശ്രീ ഹോട്ടലുകൾ നിലനിന്ന് പോകുന്നതിനും കൂടുതൽ ആംരഭിക്കുന്നതിനും അടുത്ത സാമ്പത്തിക വർഷം പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

## വനിത ശിശുവികസനം

ഒരു നാടിന്റെ അഭിമാനവും കരുത്തും അവിടത്തെ ആരോഗ്യമുള്ള കുട്ടികളും സ്ത്രീകളുമാണെന്ന് നിസ്സംശയം പറയാം. ഗർഭിണികൾക്കുള്ള സൂതികാപരിചരണം മുതൽ ഗർഭിണികളുടെ പരിരക്ഷ മുതൽ മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും ഉള്ള അനുപൂരക പോഷകാഹാരം വരെ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തി വരുന്നു. കുട്ടികൾക്കായുള്ള പ്രതിരോധ കുത്തിവയ്പ്പുകൾക്കുള്ള മരുന്നുകൾ പി.എച്ച്.സി വഴി നൽകേണ്ടതുണ്ട്. അവരുടെ ഭാവി ശോഭനമാക്കുന്നതിനുള്ള പ്രാഥമിക വിദ്യാഭ്യാസം പകർന്ന് നൽകുന്ന അങ്കണവാടികൾ സുസജ്ജവും സുരക്ഷിതവുമാണ് എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതുണ്ട്. നിലവിൽ 19 അങ്കണവാടികൾ ഉള്ള മുടക്കുഴ ഗ്രാമപഞ്ചായത്തിൽ ഏറെയും നവീകരണം ആവശ്യമുള്ളവയാണ്. 10-ാം വാർഡിൽ അൺഫിറ്റ് ആണെന്ന് കണ്ട അങ്കണവാടിക്ക് പകരം പുതിയ അങ്കണവാടി കെട്ടിടം പണിയുന്നതിന് ബഹു.പെരുമ്പാവൂർ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഫാം ഹൗസിൽ പ്രവർത്തിച്ച് വരുന്ന മറ്റൊരു അങ്കണവാടി പുതിയതായി സ്ഥലം കണ്ടെത്തി നിർമ്മാണം നടത്തി പ്രവർത്തനം മാറ്റേണ്ടതായുണ്ട്. 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇത് മുടക്കുഴ ഗ്രാമപഞ്ചായത്ത് അനിവാര്യ ചുമതലയായിത്തന്നെ ഏറ്റെടുക്കേണ്ടതായിട്ടുണ്ട് എന്ന് കാണുന്നു. കുടുംബശ്രീ ഉൾപ്പെടെയുള്ള വിവിധ സ്ത്രീ ശാക്തീകരണ പ്രക്രിയകളിലൂടെ സ്ത്രീകളുടെ സമൂഹത്തിലെ നിലവാരവും സ്ഥാനവും ഉയർത്താൻ നമുക്ക് കഴിഞ്ഞു. എന്നാൽ ഇത് തുടർന്ന പോവേണ്ടത് അനിവാര്യമാണ്. കുടുംബശ്രീയ്ക്ക് ഏറ്റെടുക്കാവുന്ന ഒരുപറ്റം പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് പ്രാരംഭഘട്ടത്തിൽ എത്തിച്ചിട്ടുണ്ട്. 20 രൂപയ്ക്ക് ഊണ് ലഭ്യമാക്കുന്ന കുടുംബശ്രീ ഹോട്ടൽ, വാർഡുകളിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേന എന്നിവ തുടർ ശ്രദ്ധ ആവശ്യമുള്ള പദ്ധതികളാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽപ്പെടുന്ന സമത്വം ഉറപ്പുവരുത്തുന്നതിനായി സ്ത്രീകളെ സമൂഹത്തിൽ സുരക്ഷിതരായി പ്രവർത്തിക്കുന്നതിന് സഹായിക്കുന്ന ആയോധന കലയിൽ ഉള്ള ട്രെയിനിംഗ്, കൗൺസിലിംഗ്, സ്വയംതൊഴിലിലും കലകളിലുമുള്ള ട്രെയിനിംഗ് എന്നിവ നൽകി പ്രബുദ്ധരാക്കേണ്ടതുണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതി കുട്ടികൾക്കും വനിതകൾക്കും പ്രത്യേക ശ്രദ്ധ നൽകുന്ന പദ്ധതികളാൽ മികവുറ്റതാവണമെന്ന് കാണുന്നു. ബാലസഭ പോലുള്ള പദ്ധതികൾ കൂടുതൽ ശ്രദ്ധയോടും വ്യാപകമായ പങ്കാളിത്തത്തോടും കൂടി നടത്താൻ കൂടി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## വിദ്യാഭ്യാസം

ഭരണഘടന വിഭാവനം ചെയ്യുന്ന 14 വയസ്സിൽ താഴെയുള്ളവർക്ക് നിർബന്ധിതവും സാർവത്രികവുമായ സൗജന്യ വിദ്യാഭ്യാസമെന്ന ലക്ഷ്യം മുൻനിർത്തി 14-ാം പഞ്ചവത്സര പദ്ധതി കാലത്ത് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. നിലവിൽ പഞ്ചായത്തിന് കീഴിലുള്ള യു.പി സ്കൂളുകൾ എല്ലാം പഞ്ചായത്ത് നിവാസികളും അല്ലാത്തവരുമായ വിദ്യാർത്ഥികൾക്ക് ആശ്രയമായാണ് പ്രവർത്തിക്കുന്നത്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യമാണ് വിദ്യഭ്യാസ രംഗത്ത് പഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നം. പഞ്ചായത്തിനോട് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന മുടക്കുഴ യു.പി സ്കൂളിൽ പോലും ക്ലാസ്സ് മുറികൾ ഉണ്ടായിട്ടും അവയിൽ കുട്ടികൾക്ക് ഇരിക്കുവാൻ മേശയും കസേരയും ഇല്ലാത്ത അവസ്ഥയാണ് ഉള്ളത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ മാറ്റി അവയെ പുനരുദ്ധരിക്കുകയുമാണ് 14-ാം പഞ്ചവത്സര കാലയളവിൽ ഏറ്റെടുക്കേണ്ട പ്രധാന പ്രക്രിയ. ഇവയും ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള അകനാട് ഗവ.ഹയർ സെക്കൻഡറി സ്കൂളും കൂടുതൽ ജില്ലാ പഞ്ചായത്ത് ഫണ്ടും, എം.എൽ.എ, എം.പി ഫണ്ടും ലഭ്യമാക്കി ഉന്നത നിലവാരത്തിൽ എത്തിക്കേണ്ടത് അനിവാര്യതയാണ്. ഇതിൽ മുടക്കുഴ യു.പി സ്കൂളിന് 1000000/- രൂപ വിനിയോഗിച്ച് പുതിയ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്. എം.എൽ.എ ഫണ്ട് വിനിയോഗിച്ച് അകനാട് എൽ.പി സ്കൂളിലും കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

**കുടിവെള്ളം**

നിരവധി തോടുകളും കുളങ്ങളും കൊണ്ട് സമൃദ്ധമാണ് മുടക്കുഴ ഗ്രാമപഞ്ചായത്ത്. ആസ്തിയിൽ ഉൾപ്പെട്ടതും ഉൾപ്പെടാത്തതുമായ നിരവധി കുളങ്ങള് ഗ്രാമപഞ്ചായത്തിലുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് നിരവധി കുളങ്ങൾ നവീകരിക്കുവാന് കഴിഞ്ഞ വാർഷിക പദ്ധതികാലത്ത് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വട്ടച്ചിറ, തുരുത്തിച്ചിറ തുടങ്ങി നിരവധി ജലസ്രോതസ്സുകൾ പുനർനിർമ്മിക്കപ്പെട്ടു. ഇനിയും മെയിന്റനൻസ് ആവശ്യമുള്ള ജലാശയങ്ങൾ പഞ്ചായത്തിന്റെ പരിഗണനയിലുണ്ട്. ജലജീവൻ മിഷനിലൂടെ എല്ലാ വീടുകളിലും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് നടപടികള് സ്വീകരിച്ചു വരുന്നു. നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസാണ് ശ്രദ്ധപതിപ്പിക്കേണ്ട മറ്റൊരു മേഖല. കടുത്ത വേനലിൽ പൊതു പൈപ്പ് ലൈന് ലഭ്യമല്ലാത്ത ഉയർന്ന പ്രദേശങ്ങളിലെ വീടുകളിലേക്ക് കുടിവെള്ള ടാങ്കര് വഴി കുടിവെള്ളം എത്തിക്കുന്നതിന് പഞ്ചായത്ത് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. മുടക്കുഴ തോട്ടിലെ തടയണകളുടെ മെയിന്റനൻസും മുടക്കുഴ തോട് സംരക്ഷണത്തിനുള്ള പദ്ധതിയും നിർവ്വഹണ ഘട്ടത്തിലാണ്.

**ശുചിത്വം**

പാരിസ്ഥിതിക പ്രശ്നങ്ങൾ രൂക്ഷമാകുന്ന സാഹചര്യത്തില് ശുചിത്വം മാലിന്യ സംസ്കരണം എന്ന മേഖലയിൽ സർക്കാരും പ്രാദേശിക ഭരണ സ്ഥാപനങ്ങളും നടത്തുന്ന തുടർച്ചയായ ഇടപെടലുകളുടെ ഫലമാണ് വേസ്റ്റ് മാനേജ്മെൻറിനായി ഹരിതകർമ്മസേനയുടെ രൂപീകരണം. മുടക്കുഴ ഗ്രാമപഞ്ചായത്തിൽ ലക്ഷങ്ങള് വകയിരുത്തി ഒരു മെറ്റീരിയൽ കളക്ഷന് സെന്റര് പൂർത്തിയാക്കുകയും 2022 ജനുവരി മുതല് ഹരിതകർമ്മ സേന പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.ശേഖരിക്കുന്ന മാലിന്യങ്ങൾ അളന്ന് തിട്ടപ്പെടുത്തി ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിന് കരാര് ഒപ്പിടുകയും ഇതിനായി വേയിംഗ് മെഷീൻ വാങ്ങുകയും ചെയ്തിട്ടുള്ളതാണ്. വാർഡുകളില് ഹരിതകർമ്മ കളക്ട് ചെയ്യുന്ന വേസ്റ്റ് സൂക്ഷിക്കുന്നതിന് മിനി എം.സി.എഫ് കൾ പണി പൂർത്തിയായി. മാലിന്യം നീക്കം ചെയ്യുന്നതിന് പഞ്ചായത്തിന് സ്വന്തമായി വാഹനം വാങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

**പൊതുമരാമത്ത്**

നമ്മുടെ ഗ്രാമത്തിൻറെ വികസനത്തിന് ഏറ്റവും ആവശ്യം അവിടത്തെ പശ്ചാത്തല സൌകര്യങ്ങളുടെ വികസനമാണ്. നല്ല റോഡുകളും അതുവഴി ഗതാഗത സൌകര്യവും വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ ഏകദേശം എല്ലാ റോഡുകളും തന്നെ ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളും അതാത് സമയങ്ങളിൽ മെയിന്റനൻസ് നടത്തി സംരക്ഷിച്ചു പോരുന്നു. ഇവയെല്ലാം ജനസൌഹൃദമാക്കുന്നതിന് റാമ്പുകളും ടോയ്ലറ്റ് സൌകര്യങ്ങളും ഒരുക്കിയിട്ടുള്ളതാണ്. മാതൃകാപരമായി പണിതിട്ടുള്ള ഒരു വിപണിയിൽ നല്ലരീതിയില് പഞ്ചായത്ത് പരിപാലിച്ചു പോരുന്നുണ്ട്. ഇതോടൊപ്പം ഏറ്റെടുക്കുന്ന ഓരോ പദ്ധതിയും പ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമാണെന്നും പ്രകൃതി ക്ഷോഭങ്ങളെയും കാലാവസ്ഥാ മാറ്റങ്ങളെയും പ്രതിരോധിക്കാൻ പ്രാപ്തമാണെന്നും ഉറപ്പ് വരുത്തുവാന് കഴിഞ്ഞിട്ടുണ്ട്.

## ജൈവവൈവിദ്ധ്യ മാനേജ്മെൻറ്,കാലാവസ്ഥ വ്യതിയാനംപരിസ്ഥിതി സംരക്ഷണം ദുരന്ത നിവാരണം

2018 ല് കേരളത്തില് ഉണ്ടായ മഹാപ്രളയവും 2019ൽ ഉണ്ടായ വെള്ളപ്പൊക്കവും മലയാളിയെ പരമ്പരാഗതമായ വികസനകാഴ്ചപ്പാടിൽ നിന്ന് മാറിചിന്തിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ട്. രൂപീകരിക്കുന്ന പദ്ധതികള് നൂറ് ശതമാനം ഫലസിദ്ധി പ്രദാനം ചെയ്യുന്നതായിരിക്കണം എന്ന് മാത്രം കണക്ക് കൂട്ടിയുള്ള പദ്ധതിരൂപീകരണ പ്രക്രിയയുടെ കാലം കഴിഞ്ഞു എന്ന വാസ്തവം നാം മനസ്സിലാക്കേണ്ടതുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരണ സമയത്ത് ഗുണമേന്മയുള്ളതും ഫലപ്രദമായതും ആയ പദ്ധതികള് രൂപീകരിക്കുമ്പോൾ തന്നെ അവ കാലാവസ്ഥക്കും പരിസ്ഥിതിക്കും അനുയോജ്യമായവയും ദുരന്തമുഖത്ത് പിടിച്ച് നിൽക്കാന് ശേഷിയുള്ളവയും ആകേണ്ടതുണ്ട് എന്ന യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതുണ്ട്. കേവലം കൊൺക്രീറ്റ് കാടുകളും ഡ്രെയിനേജ് സൌകര്യം ഇല്ലാത്ത റോഡുകളും പ്രളയജലം ഒഴുകിപോകാന് വീതിയും ആഴവും തോടുകളും വികസനത്തെ പുറകോട്ടടിക്കുമെന്ന തിരിച്ചറിവോടെ വേണം പദ്ധതിരൂപീകരണം നടത്തേണ്ടത്.

മുടക്കുഴ ഗ്രാമപഞ്ചായത്തിൽ പ്രളയം ഏറ്റവും അധികം ബാധിച്ച വാർഡുകള് ഏതൊക്കെയാണ് എന്ന് മനസിലാക്കി അവിടെ നടത്തുന്ന വികസനപ്രവർത്തനങ്ങള് കഴിയുന്ന മുൻകരുതലുകല് എടുക്കുക എന്നത് ഇതിന് ഒരു ഉദാഹരണമാണ്.കൃഷി അനുബന്ധ മേഖലകളിലെ പ്രോജക്ടുകൾ തയ്യാറാക്കുന്ന സമയത്ത് ഇത്തരം വാർഡുകളിലെ തോടുകളും കൈതോടുകളും വീതിയും ആഴവും കൂട്ടി ഇവയുടെ ബണ്ടുകളും വരമ്പുകളും ബലപ്പെടുത്തി സുഗമമായ ജല നിർഗ്ഗമനത്തിന് മാർഗ്ഗമൊരുക്കുക പ്രധാനമാണ്. അതില്ലാതെ പ്രസ്തുത പ്രദേശത്തെ കൃഷിവികസനത്തിന് വിത്തും വളവും കൂലിചെലവും നൽകുന്നതിന് പദ്ധതി രൂപീകരിക്കുന്നത് മൌഢ്യമായി മാറും .മുടക്കുഴ ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ ജലനിർഗ്ഗമന കേന്ദ്രമാണ് മുടക്കുഴ തോട്. മുടക്കുഴ ഗ്രാമപഞ്ചായത്തിനെ കൃഷിക്ക് ഉപയുക്തമാക്കി മാറ്റുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന മുടക്കുഴ തോട് തന്നെയാണ് പലഘട്ടങ്ങളിലും വെള്ളപ്പൊക്കത്തിന് കാരണമായി മാറിയിട്ടുള്ളത് എന്നത് വസ്തുതയാണ്.ഇത് കണ്ട്കൊണ്ട് തന്നെ മുടക്കുഴ തോടിൻറെ ബണ്ടുകളെ കയർഭൂവസ്ത്രം വിരിച്ച് ബലപ്പെടുത്തുന്നതിനുള്ള നടപടികൾ തോടിന്റെ പലഭാഗത്തും പൂർത്തീകരിച്ചിട്ടുണ്ട്.ദുരന്തം അത് ഏതിനത്തിൽ പെട്ടതായാലും അതിനെ വരുതിയിലാക്കാൻ പഞ്ചായത്തിനെ സർവ്വസജ്ജമാക്കുക എന്നതിന്പ്രാമുഖ്യം കൊടുക്കേണ്ടതുണ്ട്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും രൂപീകരിക്കുന്ന പദ്ധതികളെല്ലാം തന്നെ ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പിൻറെ മേൽനോട്ടത്തിന് വിധേയമാവേണ്ടതുണ്ട്.

ജൈവവൈവിദ്ധ്യങ്ങളുടെ ഒരു കലവറയായ മുടക്കുഴ ഗ്രാമപഞ്ചായത്തിൻറെ ഹരിതാഭ നിലനിർത്തുന്നതിനും കാർഷിക -കാർഷികേതര പ്രകൃതിജന്യ ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും അടുത്ത പഞ്ച വൽസര പദ്ധതിക്കാലത്ത് പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്.ഫലവൃക്ഷ തൈ വിതരണം,പച്ചതുരുത്തുകൾ സൃഷ്ടിക്കൽ,തുടങ്ങി ഒട്ടനവധി പദ്ധതികൾ പഞ്ചായത്തിന് ഏറ്റെടുക്കേണ്ടതായി ഉണ്ട്.

ഡിസാസ്റ്റർ മാനേജ്മെൻറ് വരുംകാലങ്ങളില് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്ത്മായി മാറിക്കഴിഞ്ഞിട്ടുള്ളതാണ്.ഇതിനായി പ്രത്യേക റസ്ക്യൂ സംഘങ്ങളും ,റാപ്പിഡ് റെസ്പോൺസ് ടീമും വാർഡ് തലത്തില് രൂപീകരിക്കുന്നതും പഞ്ചായത്തുകളുടെ പദ്ധതിരൂപീകരണത്തിൽ ഏറെ ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളാണ്. പല രക്ഷാ ഉപകരണങ്ങളും ഗ്രാമപഞ്ചായത്തില് തന്നെ വിവിധ ഭാഗങ്ങളിലായി വിവിധ

വ്യക്തികളുടെയും ചുമതലയിൽ അല്ലെങ്കില് ഉടമസ്ഥതയില് ലഭ്യമാണ് എന്നിരിക്കിലും ആപത്ഘട്ടത്തിൽ ഇവ സമാഹരിച്ച് ഉപയുക്തമാക്കണമെങ്കില് ഭഗീരഥപ്രവർത്തനം വേണ്ടിവരും. ഇത് കൂടാതെ പഞ്ചായത്ത് പരിധിയിൽ സാധാരണ ലഭ്യമാകാന് പ്രയാസമുള്ള പല രക്ഷ ഉപകരണങ്ങളും മുൻകൂട്ടി കണ്ട് പഞ്ചായത്ത് തന്നെ വാങ്ങി സൂക്ഷിക്കേണ്ടതുണ്ട്.അല്ലെങ്കിൽ അവ വാടകക്കൊ മറ്റോ എടുക്കുന്നതിന് വേണ്ട പദ്ധതികളും രൂപീകരിക്കേണ്ടതായി വരുന്നു. പഞ്ചായത്തിൽ ലഭ്യമായ ജീവൻരക്ഷ ഉപാധികളുടെ ലഭ്യത സംബന്ധിച്ച അവസ്ഥ രേഖയുംട്രെയിനിംഗിലൂടെ സുസജ്ജമാക്കിയ റാപ്പിഡ് റെസ്പോൺസ് ടീം വിവരങ്ങളും പ്രസ്തുത മേഖലയുടെ ഭാവികാല പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്.

# അദ്ധ്യായം 3

## പ്രശ്നവിശകലനവും പ്രശ്നപരിഹാര സാദ്ധ്യതകളും

**പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ**

- തനതുഫണ്ടിന്റെ അപര്യാപ്തത
- പ്രദേശത്തേക്ക് ഉള്ള വാഹനസൗകര്യത്തിന്റെ അപര്യാപ്തത
- നിലവിലുള്ള ആസ്തികൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ല.ആസ്തിയിൽ ഉൾപ്പെടാത്ത നിരവധി കുളങ്ങളും തോടുകളും ഉൾപ്പെടാതെ പോയിട്ടുണ്ട്.
- ജീവനക്കാരുടെഎണ്ണത്തിൽ ആനുപാതികമായ വർദ്ധനവില്ലാത്തത്
- ഐ..എൽ.ജി.എം.എസ് പോലുള്ള അഡ്വാൻസ്ഡ് സോഫ്റ്റ് വെയറുകളുടെ വിന്യാസത്തിന് ഉതകുംവിധം കാര്യക്ഷമവും പൂർണ്ണവുമായ കംപ്യൂട്ടർ സംവിധാനങ്ങളുടെ അഭാവം.
- നെറ്റ് വർക്കുകളുടെ അഭാവം

1. ### പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും

- കാർഷിക വൃത്തിയിലേക്ക് യുവജനങ്ങൾ കടന്നുവരാതിരിക്കുന്നതു കാരണം ഭാവിയിൽ വലിയ തകർച്ച നേരിടേണ്ടി വരുന്നു. വർദ്ധിച്ചു വരുന്ന ഉല്പാദനച്ചെലവും ഉയർന്ന കൂലി നിരക്കും കർഷക തൊഴിലാളികളുടെ ദൗർലഭ്യവും കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. കൂടാതെ ഉല്പന്നങ്ങൾക്ക് കർഷകന് യഥാർത്ഥ വില ലഭിക്കാതെ വരികയും ഇടത്തട്ടുകാരുടെ ചൂഷണം മൂലം കൃഷി നഷ്ടമായി തീരുകയും ചെയ്യുന്നു. വിപണിയിൽ ഉല്പന്നങ്ങളുടെ വിലകളിൽ വരുന്ന ഏറ്റക്കുറച്ചിലുകളും കർഷകർക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളിലൊന്നാണ്. കർഷകർക്കുതന്നെ അവരുടെ ഉല്പന്നങ്ങൾ നേരിട്ട് വില്ക്കുന്നതിനും അവയ്ക്ക് നിശ്ചിത വില കിട്ടുന്നതിനുള്ള സജ്ജീകരണങ്ങൾ അത്യന്താപേഷിതമായി വന്നിരിക്കുന്നു.
- തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം വിവിധ ഏജൻസികളുടേയും പദ്ധതികളുമായുള്ള സംയോജന സാധ്യതകൾ പ്രാവർത്തികമാക്കുക വഴി കൂടുതൽ

ഫലപ്രദമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. ഓഫീസ് ആവശ്യത്തിന് അഡ്വാൻസ്ഡ് ആയ കംപ്യൂട്ടർ നെറ്റ്വർക്കുകൾ ഏർപ്പെടുത്തുക.കൂടുതൽ വാഹന സൗകര്യം ഏർപ്പെടുത്തുക.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക

- പദ്ധതികാലയളവിലും മുൻവർഷവും കൃഷിവകുപ്പിൽ നടപ്പിലാക്കിയ പമ്പു സെറ്റ് വിതരണം, സ്പ്രെയർ വിതരണം, വളം വിതരണം എന്നിവ കർഷകരെ കൃഷിയിലേക്ക് കൂടുതലായി ആകർഷിക്കുവാൻ കഴിഞ്ഞു.പരിശീലന പരിപാടികൾ വഴി കർഷകർക്ക് കാർഷികമേഖലയിലെ നൂതന ആശയങ്ങളും ശാസ്ത്രീയ രീതികളും പരിശീലിപ്പിക്കുവാൻ കഴിഞ്ഞു. കാർഷിക കർമ്മസേനയുടെ രൂപീകരണം ഈ മേഖലയിൽ പുതിയ ഉണർവ്വ് ഉണ്ടാക്കിയിട്ടുണ്ട്.വൃക്ഷതൈകളും ,കിഴങ്ങ് വർഗ്ഗ നടീൽ വസ്തുക്കളും തെങ്ങിൻതൈ കളും വിതരണം ചെയ്തത് വഴി സാധാരണക്കാരായ കർഷകർക്ക് കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിക്കാനിടയാക്കി.
- കർഷകരുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് അവ നേരിട്ട് വില്ക്കുന്നതിനുള്ള കാർഷിക വിപണി രൂപീകരിക്കുക, വിളകൾക്ക് ഇൻഷുറൻസ് ആനുകൂല്യം ആവശ്യമെങ്കിൽ ലഭ്യമാക്കുക, കർഷകർക്ക് കൂടുതൽ മാന്യമായ സ്ഥാനം സമൂഹത്തിൽ നൽകുക എന്നിവയും കാർഷിക വികസനത്തിന് ആവശ്യമാണ്.
- തനത് ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് നികുതി പിരിവ് ഊർജ്ജിതമാക്കുകയും സർക്കാർ അനുവാദത്തോടെ ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ഫീസുകളിൽ വർദ്ധനവ് വരുത്തുകയുമാണ് ചെയ്യാവുന്നത്.
- കെ ഫോൺ പ്രാബല്യത്തിൽ വരുന്നതോടെ നെറ്റ് വർക്കിലുണ്ടാകുന്ന അഭാവം പരിഹരിക്കാനാകുമെന്ന് കരുതുന്നു. ഐ.എൽ.ജി.എം.എസ് പോലെയുള്ള സോഫ്റ്റ് വെയറുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ പ്രിന്റർ സ്കാനർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ അടിയന്തിരമായി വാങ്ങി ഉപയോഗത്തിൽ വരുത്തേണ്ടതുണ്ട്.
- പഞ്ചായത്തിന്റെ ആസ്തികൾ എല്ലാം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## മൃഗസംരക്ഷണവും ക്ഷീരവികസനവും

മേഖലയുടെ ഇന്നത്തെ അവസ്ഥ- മൃഗ സംരക്ഷണ മേഖലയിൽ ലഭ്യമായ സ്ഥിതിവിവരക്കണക്കനുസരിച്ച് ഏതാണ്ട് 2154 പശുക്കളും 2300 ആടുകളും 182 ഓളം പന്നികളും 32 എരുമകളും 14 പോത്തിൻകുട്ടികളും ഉണ്ട്. ഏതാണ്ട് 12000 ത്തോളം കോഴി, 300 ഓളം താറാവ് മുതലായവയും ചെറിയ തോതിൽ മുയൽ വളർത്തൽ അലങ്കാരപ്പക്ഷി വളർത്തൽ പല വർഗ്ഗത്തിൽപ്പെട്ട വളർത്തു നായ്ക്കൾ തുടങ്ങിയവയുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ- ക്ഷീരകർഷകർ നേരിടുന്ന നിരവധി പ്രശ്നങ്ങൾ ഓരോന്നും ലഘൂകരിക്കുകയും അങ്ങനെ ഈ മേഖലയെ പുരോഗതിയിലേക്കു നയിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ മേഖലയിലെ ഓരോ പദ്ധതിയും വിഭാവനം ചെയ്യുന്നതും നടപ്പിലാക്കുന്നതും.

ഈ മേഖലയിൽ നിലനിൽക്കുന്ന അടിയന്തിരപ്രാധാന്യത്തോടെ പരിഹരിക്കേണ്ട പ്രശ്നങ്ങൾ താഴെ പറയുന്നു. ഇവ ഓരോന്നും പരിഗണിച്ച് പരിഹരിക്കുന്നതിലേക്കായി വേണം ഓരോ പദ്ധതിയും വിഭാവനം ചെയ്യേണ്ടത്.

- കാലിത്തീറ്റയുടെ വർദ്ധിച്ചുവരുന്ന വില, ലഭ്യത, ലഭിക്കുന്ന തീറ്റയുടെ ഗുണനിലവാരം എന്നിവയാണ് ക്ഷീരകർഷകരെ ബാധിക്കുന്ന ഏറ്റവും പ്രാധാന്യമുള്ള വിഷയം - കാരണം പശുവളർത്തലിന്റെ ചിലവിനത്തിൽ 60% ത്തിൽ അധികം കാലിത്തീറ്റയുടെ വിലയാണ്.
- കന്നുകാലിവളർത്തലിൽ ഉണ്ടാവുന്ന Initial Investments ആയ തൊഴുത്ത്, ചാണകക്കുഴി, ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങിക്കൽ
- ഉത്പന്നങ്ങൾക്കും ഉപോൽപന്നങ്ങൾക്കും ശരിയായ വില കർഷകർക്ക് നേരിട്ടു ലഭ്യമാകത്തക്ക വിധത്തിലുള്ള വിപണിയും അർഹിക്കുന്ന വിലയും.
- കന്നുകാലികളുടെ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന നിരവധി രോഗങ്ങൾ
- പുതിയതായി കന്നുകാലിവളർത്തൽ തുടങ്ങാനും ഉള്ളതു വിപുലീകരിക്കാനും ആഗ്രഹിക്കുന്ന സംരംഭകർക്ക് വൻതുക മുടക്കുമുതലായി ചെലവാകുന്നു.
- ഡിപ്പാർട്ട്മെന്റ് ഫണ്ടുകളുടെ അഭാവം മൃഗസംരക്ഷണ മേഖലയിലെ വികസനങ്ങളെ പുറകോട്ടടിക്കുന്നു.

<u>പ്രശ്ന പരിഹാരമാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും</u>

- കാലിത്തീറ്റ - സബ്സിഡി ലഭ്യമാക്കുക- എല്ലാ കന്നുകാലികളെയും കർഷകരെയും ഉൾപ്പെടുത്തി വിപുലമായ രീതിയിൽ പദ്ധതി നടപ്പിലാക്കണം. പദ്ധതി വിജയിക്കണമെങ്കിൽ ക്ഷീരസംഘങ്ങളുടെ മതിയായ സഹകരണം കൂടിയേ തീരു.
- പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും നാമമാത്ര കർഷകരെ സഹായിക്കുന്നതിനുമായി Initial investment എന്ന നിലയിൽ കന്നുകാലികളെ വാങ്ങുന്നതിനും കാലിത്തൊഴുത്ത് ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനുമായി സബ്സിഡി നൽകുന്ന പദ്ധതിയിൽ വിഭാവനം ചെയ്യുക.
- പാലിന്റെ വില എത്ര കൂടിയാലും ക്ഷീരകർഷകർക്ക് ലഭിക്കുന്ന തുക വളരെ കുറവാണ്. ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് വിതരണം ചെയ്യുന്നതിനും ഉപോൽപ്പന്നങ്ങളും മൂല്യ വർദ്ധിത ഉത്പന്നങ്ങളും ഉണ്ടാക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സംരംഭങ്ങൾ തുടങ്ങുക - ഇങ്ങനെ മാത്രമെ ക്ഷീരമേഖലയെ ലാഭകരമാക്കാൻ സാധിക്കുകയുള്ളു.
- ഇന്ന് ഈ മേഖലയിൽ നാടൻ കന്നുകാലി വർഗ്ഗങ്ങൾ വളരെ കുറവാണ്. ഒട്ടുമുക്കാലും സങ്കര ഇനങ്ങളും അന്യ സംസ്ഥാന ഇനങ്ങളും ആണ്..ഇവയ്ക്ക് പാലുത്പാദനം കൂടുതലുള്ളതുപോലെ തന്നെ രോഗ സാദ്ധ്യതകളും കൂടുതലാണ്. ആയതിനാൽ രോഗങ്ങളെക്കുറിച്ചും രോഗ പ്രതിരോധ മാർഗ്ഗങ്ങൾ തുടങ്ങിയവയെക്കുറിച്ചും ശാസ്ത്രീയമായ പരിചരണ മാർഗ്ഗങ്ങൾ വിദഗ്ദ്ധചികിത്സയുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് ശരിയായ അവബോധം ഉണ്ടാക്കുന്നതിനും രോഗ നിർണ്ണയം നടത്തി ചികിത്സിക്കുന്നതിനും സൗജന്യമായി മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

ഇൻഷുറൻസ് : – ചില അസുഖങ്ങൾ മൂലം ചികിത്സിച്ചു ഭേദമാക്കാൻ പറ്റാത്ത അവസ്ഥയിലെത്തുന്ന കന്നുകാലികൾക്കും ചെന പിടിക്കാത്ത അവസ്ഥയിലുള്ളവ, ചത്തുപോകുന്നവ എന്നിവക്കു് നഷ്ടപരിഹാരം നൽകുന്നു. ഇൻഷുറൻസ് വ്യാപകമായി ചെയ്യാനും പ്രീമിയത്തിന് സബ്സിഡി നൽകാനുമുള്ള സ്കീമുകൾ വിഭാവനം ചെയ്യുകയും വേണം.

വികസന സാദ്ധ്യതകൾ: – മുടക്കുഴ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മൃഗ സംരക്ഷണമേഖലയ്ക്ക് വളരെ പ്രാധാന്യമുണ്ട്. ബൃഹത്തായ കന്നുകാലി സമ്പത്തും പ്രഗൽഭരായ ക്ഷീര കർഷകരും പച്ചപ്പുള്ള പ്രദേശങ്ങളും നമ്മുടെ മുതൽക്കൂട്ടാണ്. ക്ഷീരകർഷകരുടെ പ്രശ്നങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം കൊടുത്തുകൊണ്ട് ബഹു വർഷ പ്രോജക്ടുകൾ രൂപീകരിക്കുന്നത് ഈ മേഖലയുടെ സമഗ്രമായ വികസനത്തിനുതകും

ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ

പ്രശ്ന പരിഹാരങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്തപ്പോൾ ഉരുത്തിരിഞ്ഞ പ്രവർത്തനങ്ങളെല്ലാം ഉൾക്കൊള്ളുന്ന പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കുക.

- കന്നുകുട്ടിപരിപാലന പദ്ധതി
- കാലിത്തീറ്റ സബ്സിഡി
- സൗജന്യമായി മരുന്ന്
- സബ്സിഡിയോടെ ഇൻഷുറൻസ്
- കാലിത്തൊഴുത്ത്, ഉപകരണങ്ങൾ, കന്നുകാലികൾ തുടങ്ങിയവയ്ക്ക് സബ്സിഡിയും ലോണും തരപ്പെടുത്തുക എന്നിവ ഏറ്റെടുത്ത് നടത്തേണ്ടതാണ്

## • ആരോഗ്യം

### 1. ആരോഗ്യ മേഖലയുടെ ഇന്നത്തെ അവസ്ഥ

മുടക്കുഴ ഗ്രാമപഞ്ചായത്തിൽ ആരോഗ്യമേഖലയിൽ കുടുംബ ആരോഗ്യ കേന്ദ്രം, ആയുർവ്വേദ ആശുപത്രി, ഹോമിയോ ക്ലിനിക് എന്നിവ പ്രവർത്തിച്ചുവരുന്നു. പൊതുജനാരോഗ്യ – രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പ്രതിരോധ കുത്തിവെയ്പുകൾ, ജീവിത ശൈലി രോഗങ്ങൾക്കുള്ള ക്ലിനിക്, കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ആരോഗ്യ പരിപാടികൾ എന്നിവയ്ക്കായി ഫണ്ട് വകയിരുത്തേണ്ടതുണ്ട്.പ്രാഥമിക ആരോഗ്യകേന്ദ്രം, ആയുർവ്വേദ ആശുപത്രി, ഹോമിയോ ക്ലിനിക് എന്നീ സ്ഥാപനങ്ങളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്തുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഗുരുതരമായ പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഒന്നും നിലവിൽ ഇല്ല.

ജീവിത ശൈലി രോഗങ്ങളുടെ പ്രമേഹ, കൊളസ്ട്രോൾ വർദ്ധനവ്, അമിത രക്തസമ്മർദ്ധം എന്നിവ സമീപ ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് ക്രമാതീതമായി കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

### 2. നിലനിൽക്കുന്ന പ്രശ്നങ്ങൾ രൂക്ഷത, അവയ്ക്കുള്ള കാരണങ്ങൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ ആസ്സാം, പശ്ചിമബംഗാൾ, ഒറീസ എന്നീ സംസ്ഥാനക്കാരായ നിരവധി ആളുകൾ ജോലി ചെയ്തുവരുന്നു.

ഇവർക്ക് മെച്ചപ്പെട്ട താമസ സൗകര്യങ്ങളും പല സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നില്ല. മലമ്പനി, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങൾ ഇവരിൽ സാധാരണയായി കാണപ്പെടാറുണ്ട്. കുഷ്ഠം, ക്ഷയം, തുടങ്ങിയ സാംക്രമിക രോഗങ്ങൾ ബാധിച്ചവരും ഈ കൂട്ടത്തിൽ ഉണ്ടാകാനിടയുണ്ട്. മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗവും ഇവരുടെയിടയിൽ വ്യാപകമാണ്.

റബർ, കൊക്കോ, പൈനാപ്പിൾ എന്നിവ കൃഷിചെയ്യുന്ന സ്ഥലങ്ങളിലും കാലിത്തൊഴുത്തുകളിലും കൊതുക് വളരുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ ഉണ്ട്. ഗ്രാമപഞ്ചായത്തിലെ പല പ്രദേശങ്ങളിലും ശുദ്ധമായ കുടിവെള്ളം ലഭ്യമല്ലാത്തത് ജലജന്യരോഗങ്ങൾ ഉണ്ടാകുവാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു.

ദീർഘകാല രോഗങ്ങൾകൊണ്ടും, വാർദ്ധക്യ സഹജമായ അവശതകളാലും കഷ്ടപ്പെടുന്ന നിരവധി ആളുകൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉണ്ട്.

### 3. പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യവും

കൊതുക് നിർമ്മാർജ്ജനം, ശുദ്ധമായ കുടിവെള്ള ലഭ്യത, സുരക്ഷിതമായ മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ, സാംക്രമിക രോഗ നിയന്ത്രണ/പ്രതിരോധ പ്രവർത്തനങ്ങൾ, ജീവിത ശൈലി രോഗ പ്രതിരോധ/നിയന്ത്രണപ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുക. ജീവിത ശൈലി രോഗ നിയന്ത്രണത്തിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ വീടുകളിൽ ലഭ്യമാക്കുക. ജീവിത ശൈലി രോഗികൾക്ക് അത്യാവശ്യമായ ടെസ്റ്റ് കിറ്റുകളും മരുന്നുകളും സൗജന്യമായി വീടുകളിൽ എത്തിച്ചു നൽകുക.

### 4. നിലവിലുള്ള പദ്ധതി കാലയളവിൽ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങൾ

- അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി – ആശുപത്രികൾക്ക് മരുന്ന് ലഭ്യമാക്കി
- പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ( പൾസ് പോളിയോ, MDA പരിപാടികൾ ഉൾപ്പെടെ) നടപ്പിലാക്കി.
- മാലിന്യ നിർമ്മാർജ്ജനവും ശുചീകരണവും
- സാന്ത്വനം – പരിപാടി പ്രകാരം വൃദ്ധർക്ക് പ്രമേഹം, അമിത രക്തസമ്മർദ്ദം, കൊളസ്ട്രോൾ– എന്നിവയുടെ പരിശോധന വീടുകളിൽ എത്തി ലഭ്യമാക്കി

**ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ**

സ്കൂൾ ആരോഗ്യപരിപാടി, Pain and Paliative Care ചികിത്സാ പരിപാടി, ജീവിതശൈലി രോഗ നിർണ്ണയ/ നിയന്ത്രണ/ പ്രതിരോധ പരിപാടികൾ, സ്വാന്തനം –ചികിത്സാ പരിപാടി, സാംക്രമിക രോധ നിയന്ത്രണ പരിപാടികൾ എന്നിവ.

## പട്ടികജാതിവിഭാഗം

### 1. പട്ടികജാതി മേഖലയുടെ ഇന്നത്തെ അവസ്ഥ

13 വാർഡുകളിൽ ഉൾപ്പെടുന്ന മുടക്കുഴ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്കാലത്ത് പട്ടികജാതി വികസനത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയെങ്കിലും ഇപ്പോഴും ഒട്ടേറെ പദ്ധതികൾ പതിമൂന്ന് പഞ്ചവത്സരപദ്ധതികൾ പിന്നിട്ടിട്ടും പട്ടികജാതിമേഖലയിലെ ജനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാതെ കഷ്ടപ്പെടുന്നു. കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്കാലത്ത് പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ കൊണ്ട് കുറച്ച് ജനങ്ങൾക്ക് പ്രയോജനം ലഭിച്ചെങ്കിലും ഭൂരിഭാഗവും ഇപ്പോഴും സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാംസ്കാരിക പരമായും പിന്നോക്കാവസ്ഥയിലാണ്.

## 2. നിലനിൽക്കുന്ന പ്രശ്നങ്ങൾ, രൂക്ഷത, കാരണങ്ങൾ

പട്ടികജാതിമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് പോലും ജനങ്ങൾ കഷ്ടപ്പെടുന്നുണ്ട്. ഭവനരാഹിത്യം, ഭൂരാഹിത്യം കുട്ടികൾക്ക് പഠന സൗകര്യങ്ങളുടെ അഭാവം, കുടിവെള്ളം – വൈദ്യുതി മുതലായ സൗകര്യങ്ങളുടെ അഭാവം, ശുചിത്വ സൗകര്യങ്ങളുടെ അഭാവം തുടങ്ങിയ പ്രശ്നങ്ങൾ നിലനിൽക്കുന്നു. പട്ടികജാതി കോളനികളിൽ വഴിവിളക്ക്, വൈദ്യുതി– കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാണുന്നു.

ഈ പ്രശ്നങ്ങൾക്കെല്ലാം അടിസ്ഥാനകാരണം തൊഴിലില്ലായ്മ, വിദ്യാഭ്യാസത്തിന്റെ അഭാവം, സാമൂഹികമായ അജ്ഞത എന്നിവയെല്ലാമാണ്. ഇതിനെല്ലാം പരിഹാരം കണ്ടെത്താനാവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തി നടപ്പാക്കേണ്ടതുണ്ട്.

### സ്ത്രീകൾ,കുട്ടികൾ

മുടക്കുഴ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലുമായി 19 അങ്കണവാടികളുണ്ട്. മുൻവർഷങ്ങളിലെ അങ്കണവാടി ജീവനക്കാരുടെ സർവ്വേ പ്രകാരം ആകെ ജനസംഖ്യ 16, 996 ആണ്. അതിൽ 8530 പേർ സ്ത്രീകളാണ്. അതായത് പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളുണ്ട്. കുട്ടികളുടെ സ്ഥിതി വിവരകണക്കുകൾ താഴെ കൊടുക്കുന്നു.

| വിഭാഗം | കുട്ടികളുടെ എണ്ണം |
|---|---|
| 0–6 മാസം | 102 |
| 6 മാസം മുതൽ 3 വയസ്സു വരെ4 | 53 |
| 3 വയസ്സു മുതൽ – 6 വയസ്സു വരെ | 538 |

കുടുംബശ്രീ വഴി സ്ത്രീകളുടെ സമൂഹത്തിലെ സ്ഥാനം ഉയർത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അതിലൂടെ പരിശീലനം ലഭിച്ച പല പദ്ധതികളും തുടർപ്രവർത്തനങ്ങൾ ഇല്ലാത്തിനാൽ ഉദ്ദേശിച്ച പ്രയോജനം ലഭിച്ചിട്ടില്ല.

തൊഴിലുറപ്പു പദ്ധതിയുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതുപോലെ ഒരു പദ്ധതി ഇക്കാര്യത്തിൽ നടപ്പിലാക്കിയാൽ ഇതിൽ പ്രവർത്തിക്കാൻ ധാരാളം സ്ത്രീകൾ സമ്മതരായിട്ടുണ്ട്.

എല്ലാ അങ്കണവാടികൾക്കും അഡീഷണൽ ഗ്യാസ് സിലിണ്ടർ ലഭ്യമാക്കേണ്ടതാണ്. ആയത് നടപ്പിലാക്കി അനുബന്ധ ഉപകരണങ്ങളും 2022–23 ൽ വിതരണം ചെയ്തിട്ടുള്ളതാണ്.വൈദ്യുതീകരണം എല്ലാ അങ്കണവാടികൾക്കുമുണ്ട്.

അങ്കണവാടികൾ വഴി വകുപ്പുമാനദണ്ഡം അനുസരിച്ച് ഭക്ഷ്യവസ്തുക്കളും ഭക്ഷണവും നൽകുന്നതിനാൽ ഗുണഭോക്താക്കളുടെ ശാരിരിക ആരോഗ്യം മെച്ചപ്പെട്ട രീതിയിലാണ്.

അങ്കണവാടി ക്ഷേമകമ്മറ്റി മെച്ചപ്പെട്ട രീതിയിൽ ചുമതലകൾ നിർവ്വഹിച്ചാൽ അങ്കണവാടികളെ ഓരോ വാർഡിലേയും ഗവ. പ്രീ. സ്കൂൾ ആക്കി ഉയർത്തുവാൻ സാധിക്കും.

## കുടിവെള്ളം ശുചിത്വം

### 1. മേഖലയുടെ ഇന്നത്തെ അവസ്ഥ

പതിമൂന്ന് വാർഡുകൾ ഉൾപ്പെടുന്ന മുടക്കുഴ ഗ്രാമപഞ്ചായത്തിലെ മേൽപറഞ്ഞ മേഖലയിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി. ഇപ്പോഴും പല പ്രശ്നങ്ങളും നേരിടുന്നുണ്ട്. കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിനായി , കുഴൽകിണറുകളും പഞ്ചായത്ത് പൊതു കിണറുകളും വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പ് ഉൾപ്പെടെ പല കുടിവെള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വ്യക്തിഗത കിണറുകളും നിർമ്മിച്ചിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിലെ ചില ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളം വാഹനത്തിൽ എത്തിച്ച് നൽകുന്ന അവസ്ഥയാണുള്ളത്. പല സ്ഥലത്തും ഇനിയും പൈപ്പ് ലൈൻ നീട്ടി നൽകേണ്ടതുണ്ട്.

### 2. നിലനിൽക്കുന്ന പ്രശ്നങ്ങൾ

കുടിവെള്ളക്ഷാമം രൂക്ഷമായ പല പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്. കുടിവെള്ളത്തിനായി മുഖ്യമായും കിണറുകളേയും പൊതു ടാപ്പുകളേയുമാണ് ജനങ്ങൾ ആശ്രയിക്കുന്നത്. മുൻ പഞ്ചവത്സര പദ്ധതികളിലൂടെ കുടിവെള്ള സ്രോതസ്സുകളുടെ പുനരുദ്ധാരണവും പുതിയവയുടെ നിർമ്മാണവും സാധ്യമാക്കിയതിലൂടെയും ജല വിതരണ ടാപ്പുകൾ സ്ഥാപിക്കുക വഴിയും ഒരു പരിധി വരെ കുടിവെള്ള ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. എന്നാൽ വേനൽക്കാലത്തെ രൂക്ഷമായ വരൾച്ചയും ജല ദൗർലഭ്യവും കാര്യക്ഷമമായി പരിഹരിക്കാനായിട്ടില്ല.

ശുചിത്വ കാര്യത്തിൽ വ്യക്തിശുചിത്വം കുടുംബശുചിത്വം എന്നീ രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും സാമൂഹിക ശുചിത്വത്തിന്റെ കാര്യത്തിൽ ഇനിയും ഏറെ ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. മാലിന്യം വലിച്ചെറിയുന്നപ്രവണത തടയുന്നതിനായി പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലായും ഖരമാലിന്യ മാനേജ്മെന്റ് ബൈലായും പ്രാവർത്തികമാക്കിയിട്ടുണ്ട്.

ARWSS സ്കീമിൽ പെടുത്തി ആരംഭിച്ചിട്ടുള്ള പെട്ടമല കുടിവെള്ള പദ്ധതി, ചുണ്ടക്കുഴി കുടിവെള്ള പദ്ധതി, ഇളംമ്പകപ്പിള്ളി ബാലവാടി കോളനി കുടിവെള്ള പദ്ധതി എന്നിവ പൂർത്തിയാകുന്നതോടെ ഒരു പരിധി വരെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും. ഈ പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് കുടിവെള്ള കണക്ഷന് സബ്സിഡി നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതാണ്. പാരമ്പര്യ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും സംരക്ഷണവും കാര്യക്ഷമമായി നടപ്പിലാക്കുന്നതോടെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്. 740000/- രൂപ ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗിച്ച് രൂപീകരിച്ച രണ്ടാം വാർഡിലെ ആലിൻചുവട് ജംഗ്ഷനിൽ നിന്നുള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി പൂർത്തിയായിരിക്കുന്നു.

ആരോഗ്യ ശുചിത്വ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കുകയും മാലിന്യ നിർമ്മാർജ്ജനം പരിസര ശുചീകരണം തുടങ്ങിയവയ്ക്കായി പദ്ധതികൾ നടപ്പിലാക്കുകയും വഴി

ഈ രംഗത്ത് പുരോഗതി പ്രാപിക്കാവുന്നതാണ്. നിലവിലുണ്ടായിരുന്ന പി.എച്ച്.സി, ഫാമിലി ഹെൽത്ത് സെന്ററായി മാറ്റിയ സാഹചര്യത്തിൽ കൂടുതൽ സാമ്പത്തിക പിന്തുണ ആവശ്യമാണ്.

പുളിഞ്ചോട് കുടിവെള്ള പദ്ധതി തുരുത്തി കുടിവെള്ള പദ്ധതി എന്നിവയുടെ പുനരുദ്ധാരണം മൂലം കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സഹായത്തോടെ ഇളമ്പകപ്പിള്ളി ബാലവാടി കോളനി കുടിവെള്ള പദ്ധതി, ചുണ്ടക്കുഴി കുടിവെള്ള പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്. ARWSS സ്കീമിൽ പെടുത്തി ആരംഭിച്ചിട്ടുള്ള പെട്ടമല കുടിവെള്ള പദ്ധതിയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള വലിയ ചുവടുവയ്പാണ്.

ജല സംരക്ഷണം, കുടിവെള്ളം ലഭ്യമാക്കൽ, ഖരമാലിന്യ സംസ്കരണം, ശുചിത്വ ബോധവത്കരണം എന്നീ മേഖലകളിൽ പൊതുജന പങ്കാളിത്തത്തോടുകൂടി വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ജലസംരക്ഷണവും വിതരണവും കാര്യക്ഷമമാക്കുക, മാലിന്യ സംസ്കരണം, ശുചിത്വ ബോധവത്കരണ പരിപാടികൾ എന്നിവ വരും വർഷങ്ങളിൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങളാണ്. നിരവധി ജല സ്രോതസ്സുകളും കുളങ്ങളും തോടുകളും കൊണ്ട് സമൃദ്ധമാണ് മുടക്കുഴ ഗ്രാമപഞ്ചായത്ത്.ആസ്തിയിൽ പെട്ടതും പെടാത്തതമായ നിരവധികുളങ്ങളുടെ നവീകരണത്തിന് കഴിഞ്ഞ കാലത്ത് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് .കേന്ദ്ര ധനകാര്യ കമ്മീഷൻറെ ഫണ്ടും ഇതര വരുമാന സ്രോതസ്സുകളും ഇതിനായി വിനിയോഗിച്ചു.ഇടത്തികുളം, തുരുത്തിചിറ,വട്ടചിറ തുടങ്ങിയ നിരവധി ജലസ്രോതസ്സുകൾ പുനർനിർമ്മിക്കപ്പെട്ടു.ഇനിയും ആസ്ഥിയില് പെടാതെയും ശ്രദ്ധിക്കപ്പെടാതെയും കിടക്കുന്ന നിരവധി ജലാശയങ്ങൾ പുനരുദ്ധരിച്ച് കുടിവെള്ള ലഭ്യത ഉറപ്പുരുത്തേണ്ടതുണ്ട്..ജലജീവൻ മിഷനിലൂടെ ഓരോ വീട്ടിലും കുടിവെള്ളം എത്തിക്കുന്നതിന് പഞ്ചായത്ത് നിലപാട് എടുത്തുവരുന്നുണ്ട് .ജലജീവൻ മിഷനുവേണ്ടി പഞ്ചായത്ത് വീഹിതം വകയിരുത്തേണ്ടതായി വരുമെന്ന സങ്കീർണത നില നിൽക്കുന്നു എങ്കിലും സാങ്കേതിക പ്രശ്നങ്ങൾ നീക്കി ഇതര സ്രോതസുകളിലൂടെ അവക്കുള്ള പദ്ധതി വിഹിതം കണ്ടെത്തേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ മെയിൻറനൻസാണ് ശ്രദ്ധപതിപ്പിക്കേണ്ട മറ്റോരു മേഖല . കുടിവള്ളം ലഭ്യമല്ലാത്ത ഉയർന്ന മേഖല കളിലേക്ക് കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിന് തുക വകയിരുത്തേണ്ടതുണ്ട്.കൂടാതെ വീടുകളിലേക്ക് കുടിവെള്ളകണക്ഷൻ എടുക്കുന്നതിനുള്ള സബ്സിഡിക്കുള്ള പദ്ധതിയും തുടരേണ്ടതുണ്ട്.എത്രയൊക്കെ ആയാലും കടുത്ത വേനലില് കുടിവെള്ള ടാങ്കറില് വെള്ളം എത്തിച്ച് നൽകേണ്ടത് മുൻകൂട്ടി കണ്ട് അതിനും ഫണ്ട് വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## ശുചിത്വം

പാരിസ്ഥിതിക പ്രശ്നങ്ങൾ രൂക്ഷമാകുന്ന സാഹചര്യത്തില് ശുചിത്വം മാലിന്യ സംസ്കരണം എന്ന മേഖലയിൽ സർക്കാരും പ്രാദേശിക ഭരണ സ്ഥാപനങ്ങളും നടത്തുന്ന തുടർച്ചയായ ഇടപെടലുകളുടെ ഫലമാണ് വേസ്റ്റ് മാനേജ്മെൻറിനായി ഹരിതകർമ്മസേനയുടെ രൂപീകരണം.മുടക്കുഴ ഗ്രാമപഞ്ചായത്തിൽ ലക്ഷങ്ങള് വകയിരുത്തി

ഒരു മെറ്റീരിയൽ കളക്ഷന് സെൻററ് ആരംഭിക്കുകയും 2022 ജനുവരിയില് ഹരിതകർമ്മസേന വേസ്റ്റ് കളക്ഷന് ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് പദ്ധതികല് രൂപീകരിക്കേണ്ടതുണ്ട്.മാലിന്യങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിന് വെയിംഗ മെഷീന് ലഭ്യമാക്കി. വാർഡുകളില് വേസ്റ്റ് കളക്ട് ചെയ്യുന്നതിന് മിനി എം.സി.എഫും സ്ഥാപിക്കപ്പെട്ടു.ഹരിതകർമ്മസേനക്ക് വയബില് ഗ്യാപ് ഫണ്ടും രൂപീകരിച്ചിട്ടുള്ളതാണ്.

## പൊതുമരാമത്ത്

### മേഖലയുടെ ഇന്നത്തെ അവസ്ഥ

ഈ പഞ്ചായത്തിൽ ആകെ മീറ്റർ വരെ ഉള്ള 22042 മീറ്റർ രോഡും 3 മീറ്ററിന് മുകളിൽ 6 മീറ്ററിന് താഴെയുള്ളതുമായ 82.289 മീറ്റർ റോഡും നിലവിലുണ്ട്. അറ്റകുറ്റപണി ചെയ്യേണ്ട 22.5 കി.മീ റോഡും പുതുതായി നിർമ്മിക്കേണ്ട 70.28 കി.മീ റോാഡും ലഭ്യമായിട്ടുണ്ട് .ഭൂരിഭാഗം ആളുകൾക്കും വഴി സൗകര്യം ലഭ്യമായിട്ടുണ്ട്. എന്നിരുന്നാലും വാഹന ഗതാഗതത്തിന് അനുയോജ്യമായവ കുറവാണ്. കാലാവസ്ഥയുമായി ബന്ധപ്പെട്ട് പല റോഡുകളും മോശമാണ്. മഴവെള്ളം ഒഴുകിപോകുന്നതിനുളള സൗകര്യങ്ങൾ പല റോഡുകളിലും ഇല്ല. വാഹനങ്ങളുടെ ബാഹുല്യം കാരണം റോഡിന്റെ വീതി പര്യാപ്തമല്ലാത്ത അവസ്ഥയാണ്.

### മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

തനതുഫണ്ടിന്റെ അപര്യാപ്തതയും പശ്ചാത്തല മേഖലയിലെ ഫണ്ട് വിനിയോഗത്തിന്റെ പരിമിതപ്പെടുത്തലും ഈ മേഖലയിലെ പരിമിതികളായി നിലനിൽക്കുന്നു. നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് തന്നെ വലിയ തുക ചെലവഴിക്കേണ്ടി വരുന്നു. ആവശ്യാധിഷ്ഠിതമായി ഫണ്ട് ലഭിക്കുന്നില്ല. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ല.

### മുൻവർഷങ്ങളിലെ നേട്ടകോട്ടങ്ങൾ

പഞ്ചായത്തോഫീസിന് പുതിയ കെട്ടിടം നിർമ്മിച്ചു. കുടുംബശ്രീ കാർഷിക വിപണന കേന്ദ്രം, പി.എച്ച്.സി. സാനിട്ടറി കോംപ്ലക്സ്, സാംസ്കാരിക നിലയം, ടി.വി. കിയോസ്ക്, അംഗൻവാടികൾ മുതലായവ പുതിയതായി നിർമ്മിച്ചു. ഹോമിയോ ആശുപത്രി, കൃഷിഭവൻ, ആയുർവേദാശുപത്രി, മൃഗാശുപത്രി തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ നടത്തി. വിവിധ സ്കൂളുകളുടേയും അംഗൻവാടികളുടേയും അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി. പഞ്ചായത്തിനായി മെറ്റീരിയൽ കളക്ഷൻ സെൻരർ നിർമ്മിച്ചു.വിവിധ കുളങ്ങൾ നവീകരിച്ച് ജലലഭ്യത ഉറപ്പാക്കി .ഹനുമാൻക്ഷേത്രം പാലം നിർമ്മാണം പൂർത്തിയാക്കി.വാർഡ് 1ൽ പുതിയ അങ്കണവാടി നിർമ്മിച്ചു.

### മറ്റ് വകുപ്പുകൾ/ ഏജൻസികൾ നടത്തിയ പദ്ധതികൾ – നേട്ട കോട്ടങ്ങൾ

എം.പി.ഫണ്ട്, എം.എൽ.എ.ഫണ്ട്, പി.എം.ജി.എസ്.വൈ, എ.ആർ.ഡബ്ള്യൂ. എസ്.എസ്., തുടങ്ങിയ പദ്ധതികൾ മുഖേന റോഡുകൾ, അംഗൻവാടി കെട്ടിടങ്ങൾ, വെയിറ്റിംഗ് ഷെഡുകൾ, കുടിവെള്ള പദ്ധതികൾ മുതലായവ നടപ്പിലാക്കിയിട്ടുണ്ട്.

## വികസന സാദ്ധ്യതകൾ

ഏതൊരു പ്രദേശത്തിന്റെയും വികസനത്തിന് ആക്കം കൂട്ടുന്നത് ആ പ്രദശത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുമ്പോഴാണ്. ലഭ്യമായ മുഴുവൻ വിഭവ സ്രോതസ്സുകളും കാര്യക്ഷമമായി വിനിയോഗിക്കുക. എം.പി.ഫണ്ട്, എം.എൽ.എ.ഫണ്ട്, പി.എം.ജി.എസ്.വൈ, എ.ആർ.ഡബ്ള്യൂ.എസ്.എസ്., തുടങ്ങിയ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുക. പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളെ പ്രോത്സാഹിപ്പിക്കുക.

## ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ

1. മുൻഗണനാ ക്രമത്തിൽ മെയിന്റനൻസ് ജോലികൾ നടത്തണം
2. റോഡുപരിതല പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം
3. ഉപയോഗിക്കുന്ന ആളുകളുടെ എണ്ണത്തിന്റെ വർദ്ധനവനുസരിച്ച് മുൻഗണന നിശ്ചയിക്കണം. മൺറോഡുകളെല്ലാം ടാറിംഗ് / കോൺക്രീറ്റിംഗ് നടത്തി കൂടുതൽ ഗതാഗതയോഗ്യമാക്കണം.
4. കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തണം
5. സ്വന്തമായി ഭൗതീക സൗകര്യങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് പുതിയ കെട്ടിടവും അനുബന്ധ സൗകര്യവും ഒരുക്കുക.

# അദ്ധ്യായം 4

## വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

14-ാം പഞ്ച വൽസര പദ്ധതിയുടെ തുടർച്ച എന്ന രീതിയില് ,കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മാർഗ്ഗ നിർദ്ദേശപ്രകാരം, ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിൻറെ അടിസ്ഥാനത്തില് , എല്ലാവിഭാഗം ജനങ്ങളുടെയും പ്രത്യേകിച്ച് യുവജനങ്ങളുടെ അഭിപ്രായം സ്വരൂപിച്ച്, ബഹുജനങ്ങളുടെ ആവശ്യങ്ങൾ സാധിച്ച് കൊടുക്കും വിധം സാക്ഷാത്കരിക്കുക എന്ന വികസന തന്ത്രത്തിലൂന്നിയുള്ളതായിരിക്കും മുടക്കുഴ ഗ്രാമപഞ്ചായത്തിൻറെ 14ാം പഞ്ചവൽസര പദ്ധതിയുടെ രണ്ടാം വാർഷിക പദ്ധതിയുടെ രൂപീകരണം, പഞ്ചായത്തിൻറെ തനിമയും സ്വത്വവും നിലനിർത്തി ,എന്നാൽ വികസനത്തിന് നേരെ മുഖംതിരിച്ച് നിൽക്കാതെ , പരിസ്ഥിതി സംരക്ഷിക്കേണ്ട ഉത്തരവാദിത്തം സ്വയം ഏറ്റെടുത്ത് നേട്ടങ്ങൾ കൈവരിക്കുന്നതിന് ദൃഢചിത്തരായി മുന്നോട്ട് പോകുന്നതോടൊപ്പം നാം ഏറ്റെടുക്കുന്നതിന് പ്രതിജ്ഞബദ്ധമായ സുസ്ഥിര വികസനലക്ഷ്യങ്ങള് നടപ്പിലാക്കുന്നതിനുള്ള പ്രതിബദ്ധത നിലനിർത്തി, നമ്മുടെ ഗ്രഹത്തിനും ഭാവി തലമുറകൾക്കും സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവുമായ സുസ്ഥിര ഭാവി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതും പഞ്ചായത്ത് അടുത്ത വാർഷിക പദ്ധതിക്കാലത്ത് വിഭാവനം ചെയ്യുന്നു..

കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം കൈമാറുന്നതിനായി 2021/22 മുതല് ഏർപ്പെടുത്തിയ ഇ.ഗ്രാമസ്വരാജ് സോഫ്റ്റ്വയറിൻറെ ആവിർഭാവത്തോടെ പ്രസ്തുത ഫണ്ടിന് മുകളില് കേന്ദ്രതലത്തിൽ ഉള്ള നിയന്ത്രണവും നിരീക്ഷണവും വർദ്ധിക്കാൻ ഇടയായിട്ടുണ്ട്.ആകെ സി.എഫ്.സി വിഹിതത്തിൻറെ 60 ശതമാനം ജലസംരക്ഷണ -മാലിന്യ സംസ്കരണ പരിപാടികൾക്കായി നീക്കി വച്ചിട്ടുള്ള സാഹചര്യത്തില് 14ാം പഞ്ചവൽസരപദ്ധതി കാലയളവിൽ പഞ്ചായത്ത് ഏറ്റെടുക്കേണ്ട പദ്ധതികളുടെ ലക്ഷ്യങ്ങളിലും നിർവ്വഹണ രീതികളിലും, പദ്ധതി രൂപീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ സമയക്രമങ്ങളിലും കൂടുതൽ നിബന്ധനകള് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങള് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.സംസ്ഥാന സർക്കാരിൻറെ ലൈഫ്, ഹരിതകേരള മിഷൻ തുടങ്ങിയ വിവിധ മിഷനുകൾക്കും നിർവ്വഹണത്തിൻറെ വിവിധഘട്ടങ്ങളില് കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊള്ളേണ്ടതായി വന്നിട്ടുണ്ട്.സംസ്ഥാന സർക്കാരിൻറെ അടിയന്തിര ശ്രദ്ധ അർഹിക്കുന്ന നിരവധി പദ്ധതികൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ് നിർവ്വഹണ പ്രക്രിയ നിർവ്വഹിക്കേണ്ടതായിട്ടുള്ളത് . അതി ദരിദ്രരെ കണ്ടെത്തി ദാരിദ്രത്തെ അടുത്ത അഞ്ച് വർഷത്തിനകം സമൂഹത്തില് നിന്നും ഒഴിവാക്കാനുള്ള പദ്ധതിയും, ഖര -ദ്രവ മാലിന്യങ്ങളുടെ പരിപാലന രംഗത്ത് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ഹരിതകർമ്മസേന രൂപീകരണം,തുടർപ്രവർത്തനങ്ങള് എന്നിവയും വിശപ്പ് രഹിത കേരളം വിഭാവനം ചെയ്യുന്ന ജനകീയ ഹോട്ടലുകളും ഗ്രാമപഞ്ചായത്തുകള് അതീവശുഷ്കാന്തിയോടെ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കേണ്ടതായിട്ടുണ്ട് നിരാലംബർക്ക് അവരുടെ മരുന്ന് ,ഭക്ഷണം,വിവിധ ആനുകൂല്യങ്ങൾ എന്നിവ വീട്ടുപടിക്കല് എത്തിച്ച് നൽകുന്ന വാതിൽപടി സേവനം പദ്ധതി പദ്ധതികാലയളവിലെ ഏറെ ശ്രദ്ധ അർഹിക്കുന്ന പദ്ധതിയാണ്. ഇത് കൂടാതെ വിവിധ വർക്കിംഗ് ഗ്രൂപ്പുകള് അടിസ്ഥാനമാക്കി താഴെ പറയുന്ന മേഖലകളിലെ പദ്ധതികളും പഞ്ചായത്ത് ഏറ്റെടുക്കേണ്ട തുണ്ട്.

## കൃഷി

സമതലങ്ങളും കുന്നിൻ പ്രദേശങ്ങളും മലനിരകളും ധാരാളം ഉള്ള ഫലഭൂവിഷ്ടവും അമ്ലഗുണമുള്ളതുമായ മണ്ണ്കൊണ്ട് അനുഗ്രഹീതമായ, പ്രകൃതിവിഭവങ്ങൾ കൊണ്ട് സമ്പുഷ്ടമായ പ്രദേശമാണ് മുടക്കുഴ. മുടക്കുഴ തോടും നിരവധി കൈതോടുകളും പെരിയാറിന്റെ സാമീപ്യവും പഞ്ചായത്തിനെ ജലജൈവ സമ്പുഷ്ടമാക്കുന്നു.

കാർഷിക മേഖലയ്ക്ക് പ്രാമുഖ്യമുള്ള തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്താണ് മുടക്കുഴ ഗ്രാമപഞ്ചായത്ത്. കാർഷിക മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കിടയിലും കൃഷി രംഗത്തെ നൂതന സാങ്കേതിക വിദ്യകളും കൃഷിരീതികളും വഴി കൃഷിമേഖലയെ സമ്പുഷ്ടമാക്കുകയാണ് ഈ മേഖലയ്ക്ക് ഏറെ അഭികാമ്യം. ഇതിനായി തരിശ്നെൽകൃഷി വികസനം, തരിശു ഭൂമിയിലെ ഇതര കൃഷികൾ പ്രോത്സാഹിപ്പിക്കൽ, ഉയർന്ന ഗുണനിലവാരമുള്ള വിത്തുകളും തൈകളും വിതരണം ചെയ്യൽ, കൊയ്ത് യന്ത്രമടക്കമുള്ളവയുടെ ഉപയോഗം, കാർഷിക കർമ്മസേനയെ പ്രോത്സാഹിപ്പിക്കൽ, പുരയിടകൃഷി വികസനത്തിന് സഹായവും പ്രോത്സാഹനവും നൽകൽ, വിപണി ഒരുക്കൽ, പാട്ടകൃഷിക്ക് പ്രോത്സാഹനവും ജലസേചനവും എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ വരുന്ന പഞ്ചവത്സര പദ്ധതിക്കാലത്ത് മുൻതൂക്കം നൽകേണ്ടതുണ്ട്. ഇതിന് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത നേതൃത്വത്തിൽ പദ്ധതികൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനായി കുടുംബശ്രീ, എൻ.ആർ.ഇ.ജി.എസ് എന്നിവരെക്കൂടി ഉൾപ്പെടുത്തി കൃഷികൾ ഏറ്റെടുത്ത് ചെയ്യുന്നതിനും ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. ജല സ്രോതസ്സുകളുടെ പുനരുദ്ധാരണവും നീർത്തടങ്ങളുടെ വികസനവും 14-ാം പഞ്ചവത്സര പദ്ധതികാലത്ത് കാർഷിക രംഗത്ത് അനിവാര്യമാണ്. ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുകയും പാരമ്പര്യ വ്യവസായങ്ങളായ മുള, പനമ്പ് നെയ്ത്ത് എന്നിവയുടെ സാധ്യതകൾ കണ്ടെത്തേണ്ടതായിട്ടുണ്ട്.

## മൃഗസംരക്ഷണവും ക്ഷീരവികസനവും

കന്നുകാലിവളർത്തലും പാൽവിൽപനയും മുടക്കുഴ ഗ്രാമപഞ്ചായത്ത് നാളുകളായി പ്രോത്സാഹിപ്പിച്ചു വരുന്ന മേഖലകളാണ്. കിടാരി വിതരണം, കന്നുകുട്ടികൾക്ക് തീറ്റ നൽകൽ, സർവ്വസജ്ജമായ രണ്ട് മഗാശുപത്രികൾ, അവിടെ നിർലോഭം മരുന്ന്, മുട്ടക്കോഴി വിതരണത്തിനുള്ള പദ്ധതികൾ, മലയോര പ്രദേശങ്ങളിൽ ആട് വളർത്തൽ പ്രോത്സാഹിപ്പിക്കൽ, തീറ്റപ്പുൽകൃഷിക്കായി സഹായം ചെയ്യൽ തുടങ്ങിയ പദ്ധതികൾക്ക് നിലവിൽ ഉള്ളതിനേക്കാൾ പ്രാധാന്യം നൽകി പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. വളർത്തു നായ്ക്കൾക്ക് പേ വിഷബാധയ്ക്കെതിരെയുള്ള ഇഞ്ചക്ഷൻ, അവയുടെ പ്രജനന നിയന്ത്രണത്തിനുള്ള എ.ബി.സി പ്രോഗ്രാം എന്നിവയും അനിവാര്യമായി 14-ാം പഞ്ചവത്സര പദ്ധതികാലത്ത് ഏറ്റെടുക്കേണ്ടതുണ്ട്. മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം അത്യാവശ്യ ശ്രദ്ധപതിയേണ്ട വിഷയമാണ്. ക്ഷീരകർഷകൻ ധാരാളമുള്ള മുടക്കുഴ ഗ്രാമപഞ്ചായത്തിൽ നാളുകളായി നാം ഏറ്റെടുത്ത് വരുന്ന പദ്ധതിയാണ് സൊസൈറ്റികളിൽ പാലളക്കുന്നവർക്ക് സബ്സിഡി എന്നത്. നിലവിൽ 4000/ രൂപയാണ് ഇത്തരത്തിൽ നൽകി വരുന്നതെന്നത് കൂടുതലായി പശു ഫാമുകളും, ക്ഷീരകർഷകരും താൽപര്യപൂർവ്വം രംഗത്ത് എത്തിയിട്ടുള്ള പശ്ചാത്തലത്തിൽ ക്ഷീരസബ്സിഡി പ്രൈവറ്റ് സൊസൈറ്റികളിൽ പാൽ അളക്കുന്നവരിലേക്ക് വ്യാപിപ്പിക്കേണ്ടതും കൂടുതൽ തുക വകയിരുത്തേണ്ടതും 12 മാസത്തേക്ക് ദീർഘിപ്പിക്കേണ്ടതാണെന്നും കാണുന്നു.

## ആരോഗ്യം

നിലവിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു എഫ്.എച്ച്.സി യും ഒരു ആയുർവേദ ആശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും ഉള്ള മുടക്കുഴ ഗ്രാമപഞ്ചായത്തിൽ ആശുപത്രികൾക്കാവശ്യമായ മരുന്നുകൾക്കുള്ള തുക കണ്ടെത്തുക എന്നത് അനിവാര്യമാണ്. പ്രത്യേകിച്ചും പ്രാഥമികാരോഗ്യകേന്ദ്രം ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തപ്പെട്ട പശ്ചാത്തലത്തിൽ. പാലിയേറ്റീവ് കെയർ, പകർച്ചവ്യാധി പ്രതിരോധം കൊവിഡിന് എതിരെയുള്ള പ്രവർത്തനങ്ങൾ, ആശുപത്രിയിലെ താത്കാലിക ജീവനക്കാരുടെ ശമ്പളം എന്നിവയെല്ലാം പഞ്ചായത്ത് ഫണ്ട് വർദ്ധിപ്പിച്ച് പദ്ധതികൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. ആശുപത്രികളുടെ എല്ലാം അടിസ്ഥാന സൗകര്യ വികസനത്തിനും 14-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് തുക കണ്ടെത്തേണ്ടതായിട്ടുണ്ട്. ജീവിത ശൈലി രോഗങ്ങൾ വ്യാപിക്കുന്ന ഇക്കാലത്ത് അപ്രകാരം ഉള്ള രോഗികൾക്ക് പ്രത്യേക ശ്രദ്ധ കൊടുത്തെ തീരൂ. ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നിവക്കെതിരെയും സവിശേഷ ശ്രദ്ധ കൊടുക്കേണ്ടതും പ്രതിരോധ പ്രചരണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

## ചെറുകിട വ്യവസായം

വ്യവസായങ്ങൾ പൊതുവെ കുറവായ ഒരു മേഖലയാണ് മുടക്കുഴ. ഏതാനും ചില പ്ലൈവുഡ് കമ്പനികളും പാറമടകളും കഴിഞ്ഞാൽ വൻ വ്യവസായങ്ങൾ ഒന്നും തന്നെയില്ല എന്നത് പഞ്ചായത്തിന്റെ തനത് വരുമാനത്തെ തന്നെ ബാധിക്കുന്ന ഘടകമാണ്. പഞ്ചായത്ത് കൂടുതൽ വ്യവസായ സൗഹൃദമാകേണ്ടതുണ്ട് എന്നതാണ് ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ലോണുകളും മറ്റും അനുവദിച്ച്-അല്ലെങ്കിൽ അതിനുള്ള വേദി ഒരുക്കി മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ ഈ മേഖലയിൽ ഏറെ ശ്രദ്ധ അർഹിക്കുന്നു. കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട്, വിവിധ പരിശീലനം എന്നിവ പഞ്ചായത്ത് ഏറ്റെടുക്കണം. പഞ്ചായത്തിൽ പലയിടത്തും വനിത തൊഴിൽ പരിശീലന യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ ഫല പ്രാപ്തിയിൽ എത്തിക്കേണ്ടിയിരിക്കുന്നു എന്നത് 14-ാം പഞ്ചവത്സര പദ്ധതിയിലാണ് മുൻതൂക്കം കൊടുക്കേണ്ട മേഖലയാണ്.

## ദാരിദ്രലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

എത്രവികസന പ്രവർത്തനങ്ങൾ ഏറ്റെടുത്താലും ദാരിദ്ര ലഘൂകരണത്തിൽ പഞ്ചായത്ത് എത്രമാത്രം മുന്നോട്ട് പോകുന്നു എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്.

എല്ലാവർക്കും ഭവനം, ഭക്ഷണം, അവസരങ്ങൾ എന്നിവ ദാരിദ്ര ലഘൂകരണ പ്രക്രിയയിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ട അജണ്ടയാണ്. 14-ാം പഞ്ചവത്സര പദ്ധതി-രണ്ടാം വാർഷിക പദ്ധതിയ്ക്ക് ഏറ്റെടുക്കേണ്ട പ്രധാനപ്പെട്ടതും അനിവാര്യവുമായ പദ്ധതിയാണ് ആശ്രയ പദ്ധതി. അശരണരായവർക്ക് കിറ്റുകളും മറ്റ് സഹായങ്ങളും എത്തിച്ച് കൊടുക്കുന്ന പ്രസ്തുത പദ്ധതിക്ക് തുടർന്നും ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. 2021 ൽ സംസ്ഥാന തലത്തിൽ തന്നെ അതിദരിദ്രരുടെ പട്ടിക ഉണ്ടാക്കിയിട്ടുള്ളതാണ്. മുടക്കുഴ ഗ്രാമപഞ്ചായത്തിലെ അതിദരിദ്രരെ സംരക്ഷിക്കുന്നതിനായി അടുത്ത 5 വർഷത്തിനകം അവരെ അതിദരിദ്രരുടെ പട്ടികയിൽ നിന്ന് ഒഴിവാക്കാൻ പദ്ധതികൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. കേരള സർക്കാർ അ 100 ദിവസ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വാതിൽപ്പടി സേവനം എന്ന പദ്ധതി 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പഞ്ചായത്തിന് ഏറ്റെടുക്കേണ്ട അനിവാര്യ പദ്ധതിയാണ്. അശരണർക്ക് ഭക്ഷണം, മരുന്നുകൾ ഉൾപ്പെടെയുള്ള സേവനങ്ങൾ വീട്ട് പടിക്കൽ എത്തിച്ചു നൽകുന്നതിന് ഉള്ള പ്രസ്തുത പദ്ധതിയ്ക്കായി പഞ്ചായത്ത് ഫണ്ട് കണ്ടെത്തേണ്ടതായിട്ടുണ്ട്. കൂടാതെ ഇവരെ സഹായിക്കാൻ ഇറങ്ങുന്ന സന്നദ്ധ പ്രവർത്തകരുടെ ചെലവും പഞ്ചായത്ത് വഹിക്കേണ്ടതുണ്ട്. ഇ.എം.എസ് ഭവന പദ്ധതി, പി.എം.എ.വൈ, ഐ.എ.വൈ തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ധാരാളം പേർക്ക് ഭവനം ലഭ്യമാക്കുവാൻ കഴിഞ്ഞെങ്കിലും പാർപ്പിട മേഖലയിൽ പഞ്ചായത്തുകൾക്ക് ഏറെ മുന്നോട്ട് പേകേണ്ടതുണ്ട് എന്നതിനാലാണ് 2015 ൽ ലൈഫ് ഭവന പദ്ധതി സർക്കാർ ആവിഷ്കരിച്ചതും പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നതും മുൻ ലിസ്റ്റിൽ ഉള്ളവരും 2020 ൽ പുതുതായി അപേക്ഷ സമർപ്പിച്ചവരുമായ നിരവധി ഭൂരഹിത ഭവനരഹിതരരുടെയും, ഭവനരഹിതരുടെയും പാർപ്പിടത്തിന്റെ വിഷയം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തേ തീരൂ. ഇതിനായി പഞ്ചായത്ത് അനിവാര്യ തുക വകയിരുത്തുന്നതിന് പുറമെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെയും ഹഡ്കോ ലോൺ ലഭ്യമാക്കിയും നടപ്പ് പദ്ധതികാലത്ത് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. പഴയവീടുകളുടെ പുനരുദ്ധാരണത്തിന് വേണ്ട അവസ്ഥയിൽ നിരവധിപേർ ബുദ്ധിമുട്ടുന്നുണ്ട്. ഭവനപുനരുദ്ധാരണത്തിനും കക്കൂസ് നിർമ്മാണം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിനും പദ്ധതികൾ ഏറ്റെടുത്തേ തീരൂ. 20 രൂപയ്ക്ക് ഊണ് ലഭ്യമാക്കി കുടുംബശ്രീ ഹോട്ടലിലൂടെ ഗ്രാമപഞ്ചായ്തിൽ ആരും വിശന്നിരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഇത്തരം കുടുംബശ്രീ ഹോട്ടലുകൾ നിലനിന്ന് പോകുന്നതിനും കൂടുതൽ ആംരഭിക്കുന്നതിനും പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്.

## വനിത ശിശുവികസനം

ഒരു നാടിന്റെ അഭിമാനവും കരുത്തും അവിടത്തെ ആരോഗ്യമുള്ള കുട്ടികളും സ്ത്രീകളുമാണെന്ന് നിസ്സംശയം പറയാം. ഗർഭിണികൾക്കുള്ള സൂതികാപരിചരണം മുതൽ ഗർഭിണികളുടെ പരിരക്ഷ മുതൽ മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും ഉള്ള അനുപൂരക പോഷകാഹാരം വരെ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തി വരുന്നു. കുട്ടികൾക്കായുള്ള പ്രതിരോധ കുത്തിവയ്പ്പുകൾക്കുള്ള മരുന്നുകൾ പി.എച്ച്.സി വഴി നൽകേണ്ടതുണ്ട്. അവരുടെ ഭാവി ശോഭനമാക്കുന്നതിനുള്ള പ്രാഥമിക വിദ്യാഭ്യാസം പകർന്ന് നൽകുന്ന അങ്കണവാടികൾ സുസജ്ജവും സുരക്ഷിതവുമാണ് എന്ന്ന പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതുണ്ട്. നിലവിൽ 19 അങ്കണവാടികൾ ഉള്ള മുടക്കുഴ ഗ്രാമപഞ്ചായത്തിൽ ഏറെയും നവീകരണം ആവശ്യമുള്ളവയാണ്. 10-ാം വാർഡിൽ അൺഫിറ്റ് ആണെന്ന് കണ്ട അങ്കണവാടിക്ക് പകരം പുതിയ അങ്കണവാടി കെട്ടിടം പണിയേണ്ടതുണ്ട്. ഫാം ഹൗസിൽ പ്രവർത്തിച്ച് വരുന്ന മറ്റൊരു അങ്കണവാടി പുതിയതായി സ്ഥലം കണ്ടെത്തി നിർമ്മാണം നടത്തി പ്രവർത്തനം മാറ്റേണ്ടതായുണ്ട്. 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇത് മുടക്കുഴ ഗ്രാമപഞ്ചായത്ത് അനിവാര്യ ചുമതലയായിത്തന്നെ ഏറ്റെടുക്കേണ്ടതായിട്ടുണ്ട് എന്ന് കാണുന്നു. കുടുംബശ്രീ ഉൾപ്പെടെയുള്ള വിവിധ സ്ത്രീ ശാക്തീകരണ പ്രക്രിയകളിലൂടെ സ്ത്രീകളുടെ സമൂഹത്തിലെ നിലവാരവും സ്ഥാനവും ഉയർത്താൻ നമുക്ക് കഴിഞ്ഞു. എന്നാൽ ഇത് തുടർന്ന പോവേണ്ടത് അനിവാര്യമാണ്. കുടുംബശ്രീയ്ക്ക് ഏറ്റെടുക്കാവുന്ന ഒരുപറ്റം പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് പ്രാരംഭഘട്ടത്തിൽ എത്തിച്ചിട്ടുണ്ട്. 20 രൂപയ്ക്ക്

ഊണ് ലഭ്യമാക്കുന്ന കുടുംബശ്രീ ഹോട്ടൽ, വാർഡുകളിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേന എന്നിവ തുടർ ശ്രദ്ധ ആവശ്യമുള്ള പദ്ധതികളാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽപ്പെടുന്ന സമത്വം ഉറപ്പുവരുത്തുന്നതിനായി സ്ത്രീകളെ സമൂഹത്തിൽ സുരക്ഷിതരായി പ്രവർത്തിക്കുന്നതിന് സഹായിക്കുന്ന ആയോധന കലയിൽ ഉള്ള ട്രെയിനിംഗ്, കൗൺസിലിംഗ്, സ്വയംതൊഴിലിലും കലകളിലുമുള്ള ട്രെയിനിംഗ് എന്നിവ നൽകി പ്രബുദ്ധരാക്കേണ്ടതുണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതി കുട്ടികൾക്കും വനിതകൾക്കും പ്രത്യേക ശ്രദ്ധ നൽകുന്ന പദ്ധതികളാൽ മികവുറ്റതാവണമെന്ന് കാണുന്നു. ബാലസഭ പോലുള്ള പദ്ധതികൾ കൂടുതൽ ശ്രദ്ധയോടും വ്യാപകമായ പങ്കാളിത്തത്തോടും കൂടി നടത്താൻ കൂടി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## <u>വിദ്യാഭ്യാസം</u>

ഭരണഘടന വിഭാവനം ചെയ്യുന്ന 14 വയസ്സിൽ താഴെയുള്ളവർക്ക് നിർബന്ധിതവും സാർവത്രികവുമായ സൗജന്യ വിദ്യാഭ്യാസമെന്ന ലക്ഷ്യം മുൻനിർത്തി 14-ാം പഞ്ചവത്സര പദ്ധതി കാലത്ത് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. നിലവിൽ പഞ്ചായത്തിന് കീഴിലുള്ള യു.പി സ്കൂളുകൾ എല്ലാം പഞ്ചായത്ത് നിവാസികളും അല്ലാത്തവരുമായ വിദ്യാർത്ഥികൾക്ക് ആശ്രയമായാണ് പ്രവർത്തിക്കുന്നത്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യമാണ് വിദ്യഭ്യാസ രംഗത്ത് പഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നം. പഞ്ചായത്തിനോട് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന മുടക്കുഴ യു.പി സ്കൂളിൽ പോലും ക്ലാസ്സ് മുറികൾ ഉണ്ടായിട്ടും അവയിൽ കുട്ടികൾക്ക് ഇരിക്കുവാൻ മേശയും കസേരയും ഇല്ലാത്ത അവസ്ഥയാണ് ഉള്ളത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ മാറ്റി അവയെ പുനരുദ്ധരിക്കുകയുമാണ് 14-ാം പഞ്ചവത്സര കാലയളവിൽ ഏറ്റെടുക്കേണ്ട പ്രധാന പ്രക്രിയ. ഇവയും ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള അകനാട് ഗവ.ഹയർ സെക്കൻഡറി സ്കൂളും കൂടുതൽ ജില്ലാ പഞ്ചായത്ത് ഫണ്ടും, എം.എൽ.എ, എം.പി ഫണ്ടും ലഭ്യമാക്കി ഉന്നത നിലവാരത്തിൽ എത്തിക്കേണ്ടത് അനിവാര്യതയാണ്.

## <u>കുടിവെള്ളം</u>

നിരവധി തോടുകളും കുളങ്ങളും കൊണ്ട് സമൃദ്ധമാണ് മുടക്കുഴ ഗ്രാമപഞ്ചായത്ത്. ആസ്തിയിൽ ഉൾപ്പെട്ടതും ഉൾപ്പെടാത്തതുമായ നിരവധി കുളങ്ങള് ഗ്രാമപഞ്ചായത്തിലുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് നിരവധി കുളങ്ങൾ നവീകരിക്കുവാന് കഴിഞ്ഞ വാർഷിക പദ്ധതികാലത്ത് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വട്ടച്ചിറ, തുരുത്തിച്ചിറ തുടങ്ങി നിരവധി ജലസ്രോതസ്സുകൾ പുനർനിർമ്മിക്കപ്പെട്ടു. ഇനിയും മെയിന്റെനൻസ് ആവശ്യമുള്ള ജലാശയങ്ങൾ പഞ്ചായത്തിന്റെ പരിഗണനയിലുണ്ട്. ജലജീവൻ മിഷനിലൂടെ എല്ലാ വീടുകളിലും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് നടപടികള് സ്വീകരിച്ചു വരുന്നു. നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ മെയിന്റെനൻസാണ് ശ്രദ്ധപതിപ്പിക്കേണ്ട മറ്റൊരു മേഖല. കടുത്ത വേനലിൽ പൊതു പൈപ്പ് ലൈന് ലഭ്യമല്ലാത്ത ഉയർന്ന പ്രദേശങ്ങളിലെ വീടുകളിലേക്ക് കുടിവെള്ള ടാങ്കര് വഴി കുടിവെള്ളം എത്തിക്കുന്നതിന് പഞ്ചായത്ത് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

## <u>ശുചിത്വം</u>

പാരിസ്ഥിതിക പ്രശ്നങ്ങൾ രൂക്ഷമാകുന്ന സാഹചര്യത്തില് ശുചിത്വം മാലിന്യ സംസ്കരണം എന്ന മേഖലയിൽ സർക്കാരും പ്രാദേശിക ഭരണ സ്ഥാപനങ്ങളും നടത്തുന്ന തുടർച്ചയായ ഇടപെടലുകളുടെ ഫലമാണ് വേസ്റ്റ് മാനേജ്മെൻറിനായി ഹരിതകർമ്മസേനയുടെ രൂപീകരണം.മുടക്കുഴ ഗ്രാമപഞ്ചായത്തിൽ ലക്ഷങ്ങള് വകയിരുത്തി ഒരു മെറ്റീരിയൽ കളക്ഷന് സെൻററ് ആരംഭിക്കുകയും 2022 ജനുവരിയില്

ഹരിതകർമ്മസേന വേസ്റ്റ് കളക്ഷന് ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് പദ്ധതികല് രൂപീകരിക്കേണ്ടതുണ്ട്.മാലിന്യങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിന് വെയിംഗ മെഷീന് ലഭ്യമാണ്. വാർഡുകളില് വേസ്റ്റ് കളക്ട് ചെയ്യുന്നതിന് രണ്ട് വീതമെങ്കിലും മിനി എം.സി.എഫും സ്ഥാപിക്കേണ്ടതുണ്ട്.ഇതിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട് ഹരിതകർമ്മസേനക്ക് വയബില് ഗ്യാപ് ഫണ്ടും രൂപീകരിച്ചിട്ടുള്ളതാണ്

## പൊതുമരാമത്ത്

ഒരു ഗ്രാമത്തിൻറെ വികസനത്തിന് ഏറ്റവും ആവശ്യം അവിടത്തെ പശ്ചാത്തല സൌകര്യങ്ങളുടെ വികസനമാണ്ഗതാഗതസൌകര്യവും അതുവഴി നല്ല റോഡുകളും . ഏകദേശം എല്ലാ .പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് ലങ്ങളില്സൃഷ്ടിക്കുന്നതിന് മുൻകാ പൊതുറോഡുകളും ടാറിങ്ങോ കോൺക്രീറ്റിംഗോ നടത്തി ഗതാഗത സജ്ജമാക്കിയിട്ടുണ്ട്കെട്ടിടങ്ങളും ര്മാതൃകാപരമായി പണിതിട്ടുള്ള വിപണിയും സർക്കാ. റ്റ് ടോയ്ല, നടത്തി സൂക്ഷിക്കാനും അവയോടനുബന്ധിച്ച് റാംപ്നൻസ്സമയാസമയം മെയിൻറ ഇങ്ങനെ പ.ഒരുക്കാനും പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതുണ്ട് സൌകര്യങ്ങൾൊതുമരാമത്തിൽ പെടുത്തി ഏറ്റെടുക്കേണ്ട ഓരോ പദ്ധതിയും പ്രകൃതിക്കും കാലാവസ്ഥക്കും അനുയോജ്യവും പ്രകൃതി ക്ഷോഭങ്ങളെ ചെറുക്കുന്നതും ആണ്എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

## ജൈവവൈവിദ്ധ്യ മാനേജ്മെൻറ്,കാലാവസ്ഥ വ്യതിയാനംപരിസ്ഥിതി സംരക്ഷണം ദുരന്ത നിവാരണം

2018 ല് കേരളത്തില് ഉണ്ടായ മഹാപ്രളയവും 2019ൽ ഉണ്ടായ വെള്ളപ്പൊക്കവും മലയാളിയെ പരമ്പരാഗതമായ വികസനകാഴ്ചപ്പാടിൽ നിന്ന് മാറിചിന്തിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ട്. രൂപീകരിക്കുന്ന പദ്ധതികൾ നൂറ് ശതമാനം ഫലസിദ്ധി പ്രദാനം ചെയ്യുന്നതായിരിക്കണം എന്ന് മാത്രം കണക്ക് കൂട്ടിയുള്ള പദ്ധതിരൂപീകരണ പ്രക്രിയയുടെ കാലം കഴിഞ്ഞു എന്ന വാസ്തവം നാം മനസ്സിലാക്കേണ്ടതുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരണ സമയത്ത് ഗുണമേന്മയുള്ളതും ഫലപ്രദമായതും ആയ പദ്ധതികൾ രൂപീകരിക്കുമ്പോള് തന്നെ അവ കാലാവസ്ഥക്കും പരിസ്ഥിതിക്കും അനുയോജ്യമായവയും ദുരന്തമുഖത്ത് പിടിച്ച് നിൽക്കാന് ശേഷിയുള്ളവയും ആകേണ്ടതുണ്ട് എന്ന യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതുണ്ട്. കേവലം കൊൺക്രീറ്റ് കാടുകളും ഡ്രെയിനേജ് സൌകര്യം ഇല്ലാത്ത റോഡുകളും പ്രളയജലം ഒഴുകിപോകാന് വീതിയും ആഴവും തോടുകളും വികസനത്തെ പുറകോട്ടടിക്കുമെന്ന തിരിച്ചറിവോടെ വേണം പദ്ധതിരൂപീകരണം നടത്തേണ്ടത്.

മുടക്കുഴ ഗ്രാമപഞ്ചായത്തിൽ പ്രളയം ഏറ്റവും അധികം ബാധിച്ച വാർഡുകള് ഏതൊക്കെയാണ് എന്ന് മനസിലാക്കി അവിടെ നടത്തുന്ന വികസനപ്രവർത്തനങ്ങള് കഴിയുന്ന മുൻകരുതലുകല് എടുക്കുക എന്നത് ഇതിന് ഒരു ഉദാഹരണമാണ്.കൃഷി അനുബന്ധ മേഖലകളിലെ പ്രോജക്ടുകൾ തയ്യാറാക്കുന്ന സമയത്ത് ഇത്തരം വാർഡുകളിലെ തോടുകളും കൈതോടുകളും വീതിയും ആഴവും കൂട്ടി ഇവയുടെ ബണ്ടുകളും വരമ്പുകളും ബലപ്പെടുത്തി സുഗമമായ ജല നിർഗ്ഗമനത്തിന് മാർഗ്ഗമൊരുക്കുക പ്രധാനമാണ്. അതില്ലാതെ പ്രസ്തുത പ്രദേശത്തെ കൃഷിവികസനത്തിന് വിത്തും വളവും കൂലിചെലവും നൽകുന്നതിന് പദ്ധതി രൂപീകരിക്കുന്നത് മൌഢ്യമായി മാറും .മുടക്കുഴ

ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ ജലനിർഗ്ഗമന കേന്ദ്രമാണ് മുടക്കുഴ തോട്. മുടക്കുഴ ഗ്രാമപഞ്ചായത്തിനെ കൃഷിക്ക് ഉപയുക്തമാക്കി മാറ്റുന്നതില് പ്രധാന പങ്ക് വഹിക്കുന്ന മുടക്കുഴ തോട് തന്നെയാണ് പലഘട്ടങ്ങളിലും വെള്ളപ്പൊക്കത്തിന് കാരണമായി മാറിയിട്ടുള്ളത് എന്നത് വസ്തുതയാണ്.ഇത് കണ്ട്കൊണ്ട് തന്നെ മുടക്കുഴ തോടിൻറെ ബണ്ടുകളെ കയർഭൂവസ്ത്രം വിരിച്ച് ബലപ്പെടുത്തുന്നതിനുള്ള നടപടികള് സ്വീകരിച്ച വരുന്നത്. ദുരന്തം അത് ഏതിനത്തിൽ പെട്ടതായാലും അതിനെ വരുതിയിലാക്കാന് പഞ്ചായത്തിനെ സർവ്വസജ്ജമാക്കുക എന്നത് 14ാം പഞ്ചവൽസരപദ്ധതിയുടെ രണ്ടാം വർഷത്തില് പദ്ധതി രൂപീകരണത്തിൽ പ്രാമുഖ്യം കൊടുക്കേണ്ട ഇനം . എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും രൂപീകരിക്കുന്ന പദ്ധതികൾക്കെല്ലാം തന്നെ ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പിൻറെ ഒരു ലിറ്റ്മസ് ടെസ്റ്റ് അനിവാര്യമാണ്എന്നത് ഈ വർക്കിംഗ് ഗ്രൂപ്പിൻറെ പ്രാമുഖ്യം വെളിവാക്കുന്നു.

ജൈവവൈവിദ്ധ്യങ്ങളുടെ ഒരു കലവറയായ മുടക്കുഴ ഗ്രാമപഞ്ചായത്തിൻറെ ഹരിതാഭ നിലനിർത്തുന്നതിനും കാർഷിക -കാർഷികേതര പ്രകൃതിജന്യ ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും അടുത്ത പഞ്ച വൽസര പദ്ധതിക്കാലത്ത് പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്.ഫലവൃക്ഷ തൈ വിതരണം,പച്ചതുരുത്തുകൾ സൃഷ്ടിക്കൽ,തുടങ്ങി ഒട്ടനവധി പദ്ധതികള് പഞ്ചായത്തിന് ഏറ്റെടുക്കേണ്ടതായി ഉണ്ട്.

ഡിസാസ്റ്റർ മാനേജ്മെൻറ് വരുംകാലങ്ങളില് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്ത്മായി മാറിക്കഴിഞ്ഞിട്ടുള്ളതാണ്.ഇതിനായി പ്രത്യേക റസ്ക്യു സംഘങ്ങളും ,റാപ്പിഡ് റെസ്പോൺസ് ടീമും വാർഡ് തലത്തില് രൂപീകരിക്കുന്നതും പഞ്ചായത്തുകളുടെ പദ്ധതിരൂപീകരണത്തിൽ ഏറെ ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളാണ്. പല രക്ഷാ ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിൽ തന്നെ വിവിധ ഭാഗങ്ങളിലായി വിവിധ വ്യക്തികളുടെയും ചുമതലയിൽ അല്ലെങ്കില് ഉടമസ്ഥതയില് ലഭ്യമാണ് എന്നിരിക്കിലും ആപത്ഘട്ടത്തിൽ ഇവ സമാഹരിച്ച് ഉപയുക്തമാക്കണമെങ്കില് ഭഗീരഥപ്രവർത്തനം വേണ്ടിവരും. ഇത് കൂടാതെ പഞ്ചായത്ത് പരിധിയിൽ സാധാരണ ലഭ്യമാകാന് പ്രയാസമുള്ള പല രക്ഷ ഉപകരണങ്ങളും മുൻകൂട്ടി കണ്ട് പഞ്ചായത്ത് തന്നെ വാങ്ങി സൂക്ഷിക്കേണ്ടതുണ്ട്.അല്ലെങ്കിൽ അവ വാടകക്കൊ മറ്റോ എടുക്കുന്നതിന് വേണ്ട പദ്ധതികളും രൂപീകരിക്കേണ്ടതായി വരുന്നു. പഞ്ചായത്തിൽ ലഭ്യമായ ജീവൻരക്ഷ ഉപാധികളുടെ ലഭ്യത സംബന്ധിച്ച അവസ്ഥ രേഖയുംട്രെയിനിംഗിലൂടെ സുസജ്ജമാക്കിയ റാപ്പിഡ് റെസ്പോൺസ് ടീം വിവരങ്ങളും പ്രസ്തുത മേഖലയുടെ ഭാവികാല പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്.

# അദ്ധ്യായം 5

## വികസന സ്രോതസ്സുകളും വകയിരുത്തലുകളും

മുടക്കുഴ ഗ്രാമപഞ്ചായത്തിലെ 14ാാം പഞ്ചവൽസര പദ്ധതി കാലയളവിലെ ആദ്യപാദത്തിലെ പദ്ധതിക്കായി വകയിരുത്തിയ തുകയും നാളിതുവരെയുള്ള ചെലവും 14ാാം പഞ്ചവൽസര പദ്ധതി രണ്ടാം വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് വിവരവും താഴെ ചേർക്കു .

**2024-25**

| വർഷം | പ്ളാൻ ജനറൽ | പട്ടികജാതി വിഭാഗം | സി.എഫ്. സി ബേസിക് | സി.എഫ്. സി ടൈഡ് | ടി എസ്.പി | മെ. റോഡ് | മെ നോൺ റോഡ് |
|---|---|---|---|---|---|---|---|
| 2024-25 | 12956000 | 6140000 | 4636073 | 7821123 | 0 | 16229000 | 8649000 |
| നാളിത് വരെ ചെലവ് | 12914145 | 5631658 | 5957704 | | 0 | 16229000 | 7640065 |

**2025-26 ഫണ്ട് അലോക്കേഷൻ**

| വർഷം | പ്ളാൻ ജനറൽ | പട്ടികജാതി വിഭാഗം | സി.എഫ്. സി ബേസിക് | സി.എഫ്. സി ടൈഡ് | ടി എസ്.പി | മെ റോഡ് | മെ നോൺ റോഡ് |
|---|---|---|---|---|---|---|---|
| 2025-26 | 14044000 | 6569000 | 1997000 | 2995000 | 0 | 23846000 | 8827000 |
| ആകെ | | | | 58278000 | | | |

<u>നിർബന്ധിത വകയിരുത്തലുകള്</u>

- അങ്കണവാടി പോഷകാഹാരം -1000000(പ്ളാൻ ജനറൽ)
- സമഗ്ര കേരള ശിക്ഷ അഭിയാൻ -500000(പ്ളാൻ ജനറൽ)
- പാലിയേറ്റീവ് കെയർ -890210(പ്ളാൻ ജനറൽ)
- ആശ്രയ -300000/-(പ്ളാൻ ജനറൽ)
- ഐ.കെ എം വിഹിതം -70000/-(പ്ളാൻ ജനറൽ)
- അതി ദരിദ്രർക്കുള്ള പദ്ധതികള് -150000(പ്ളാൻ ജനറൽ)
- ഭിന്നശേഷി സ്കോളർഷിപ്പ് – 900000/-(പ്ളാൻ ജനറൽ)

## വിവിധ മേഖലകൾക്ക് വേണ്ടിയുള്ള വകയിരുത്തൽ

| മേഖല ഇനം | തുക |
|---|---|
| ഉൽപാദന മേഖല (ജനറൽ സാധാരണ വിഹിതം) | 3693000/- |
| പാർപ്പിടം | 6149200/- |
| പാർപ്പിടം പൊതുവിഭാഗം | 2808800/- |
| വനിതാഘടക പദ്ധതി | 1680000/- |
| കുട്ടികൾ ഭിന്നശേഷിക്കാർ ഭിന്നലിംഗക്കാർ | 3095000/- |
| വയോജനങ്ങൾ | 890210/- |

# അദ്ധ്യായം 6

# പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

| Proj No | ProjectName | PlanGen | SCP | TFC | WorldBk | SpecialGr | CSS | SSS | OwnFund | BP | DP | NonRoad | Road | OtherFund | Tot |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഐകെഎം വിഹിതം നൽകൽ | 70000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 70000 |
| 2 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 3 | ആയുർവേദ ഡിസ്പെൻസറി കണ്ടിജൻസി ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 40000 | 0 | 0 | 40000 |
| 4 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 90000 | 0 | 0 | 90000 |
| 5 | പദ്ധതി ആസൂത്രണം മോണിട്ടറിംഗ് | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 6 | തെരുവ് വിളക്ക് പരിപാലനം | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 7 | ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകൽ | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 8 | പ്രൊജക്ട് അസിസ്റ്റന്റിന്റെ വേതനം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 9 | ജൈവ വൈവിധ്യ രജിസ്റ്റർ പുതുക്കൽ | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 10 | അങ്കണവാടികളി® അന പൂരക പോഷകാഹാരം | 1000000 | 0 | 0 | 0 | 0 | 800000 | 0 | 0 | 0 | 0 | 0 | 0 | 0 | 1800000 |
| 11 | ഐഎസ്ഒ സർട്ടിഫിക്കേഷൻ പുതുക്കൽ | 20000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 20000 |
| 12 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവ® ക്കുള്ള സ്കോള® ഷിപ് | 900000 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 | 150000 | 0 | 0 | 0 | 1400000 |
| 13 | കമ്പ്യൂട്ടറുകൾ യുപിഎസ് ജനറേറ്റർ എഎംസി | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 100000 |
| 14 | ഭിന്നശേഷി കലോത്സവം | 75000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 |
| 15 | അങ്കണവാടികളുടെ കണ്ടിജ® സി ചെലവുക® | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 16 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 17 | അങ്കണവാടികളിലേക്ക് ഉപകരണങ്ങ® വാങ്ങ® | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 19 | ഹോമിയോ ആശുപത്രിയുടെ അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ | 120000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 120000 |
| 20 | ലൈഫ് ഭവന നിർമ്മാണം എസ്സ് സി | 0 | 2518000 | 0 | 0 | 0 | 0 | 2500000 | 0 | 1000000 | 1000000 | 0 | 0 | 3232000 | 10250000 |

| Proj No | ProjectName | PlanGen | SCP | TFC | WorldBk | SpecialGr | CSS | SSS | OwnFund | BP | DP | NonRoad | Road | OtherFund | Tot |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 21 | ജൈവ കാർഷിക മിഷൻ സമഗ്ര പുരയിട കൃഷി വികസനം | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 900000 |
| 22 | പോഷക സമൃദ്ധി മിഷൻ സ്ഥിരം നെൽകൃഷി | 450000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 0 | 650000 |
| 23 | പോഷക സമൃദ്ധി മിഷൻ വനിതകൾക്ക് ഗ്രോ ബാഗ് ചട്ടി വിതരണം | 190000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 63300 | 253300 |
| 24 | ഹോമിയോ ആശുപത്രി കണ്ടിജൻസി ചിലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 25 | ബഡ്സ് സ്കൂൾ പ്രവർത്തകർക്ക് ഹോണറേറിയം | 400000 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 0 | 0 | 0 | 0 | 800000 |
| 26 | ബഡ്സ് സ്കൂൾ ഭക്ഷണം ഇതര ചെലവുകൾ | 300000 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 600000 |
| 27 | ബഡ്സ് സ്കൂൾ വാഹന വാടക | 600000 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 0 | 0 | 0 | 0 | 1200000 |
| 28 | ആശ്രയ പദ്ധതി | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 29 | ബാലസഭ | 20000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 20000 |
| 30 | കേരളോത്സവം 2025 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 0 | 0 | 0 | 150000 |
| 31 | അതിദരിദ്രർക്ക് ഭക്ഷണം | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 50000 |
| 32 | എസ്സ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിജയഭേരി | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 200000 | 400000 | 0 | 0 | 0 | 800000 |
| 33 | ആശ്രയ അതിദരിദ്രർ എന്നിവരുടെ ഹരിതകർമ്മസേന യൂസർ ഫീ നൽകൽ | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 100000 |
| 34 | പോഷക സമൃധി മിഷൻ മില്ലറ്റ് ഗ്രാമം-പോഷകതോട്ടം | 8000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 8000 |
| 35 | പോഷക സമൃധി മിഷൻ -നെൽകർഷകർക്ക് പാടശേഖരങ്ങൾക്ക് കമ്മായ വിതരണം | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 200000 |
| 36 | കൃഷി ഓഫീസിന്റെ കണ്ടിജൻസി ചിലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 | 0 | 0 | 75000 |
| 37 | പോഷക സമൃധി മിഷൻ ഫലവൃക്ഷ തൈ വിതരണം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 | 125000 |
| 40 | പോഷക സമൃധി മിഷൻ വാഴ കൃഷി വികസനം | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 41 | വീട് അറ്റകുറ്റ പണി എസ്സ്സി | 0 | 1040000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1040000 |

| Proj No | ProjectName | PlanGen | SCP | TFC | WorldBk | SpecialGr | CSS | SSS | OwnFund | BP | DP | NonRoad | Road | OtherFund | Tot |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 45 | ക്ലീൻ കേരളയ്ക്ക് ഉക നൽകൽ | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 46 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 2591200 | 0 | 0 | 0 | 0 | 0 | 3000000 | 0 | 1500000 | 1500000 | 0 | 0 | 3408800 | 12000000 |
| 47 | ഹരിത കർമ്മസേന അനുബന്ധ പ്രവർത്തനങ്ങൾ | 0 | 0 | 295000 | 0 | 0 | 0 | 0 | 10000 | 0 | 0 | 0 | 0 | 0 | 305000 |
| 49 | വിവിധ സ്കൂളുകളുടെ കണ്ടിജൻസി ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 250000 |
| 50 | എസ് എസ് എ വിഹിതം | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 51 | വിവിധ സ്കൂളുകളുടെ അടിസ്ഥാനസൌകര്യം മെച്ചപ്പെടുത്തൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 52 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം | 0 | 1500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 |
| 53 | പോഷക സമൃതിമിഷൻ പച്ചക്കറികൃഷി വികസനം പോഷക തോട്ടം | 125000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 125000 |
| 54 | ഐസിഡിഎസ് സൂപ്പർവൈസറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ ഫർണിച്ചറുകൾ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 55 | ക്ഷീര കർഷകർക്കുള്ള പാലിനു സബ്സിഡി | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 800000 | 0 | 0 | 0 | 2000000 |
| 56 | മുടക്കുഴ കുടുംബാരോഗ്യ കേന്ദ്രത്തിൻറെ കണ്ടിജൻസി ചിലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 | 0 | 0 | 250000 |
| 57 | മുടക്കുകുഴ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 58 | പാലിയേറ്റിവ് കെയർ | 890210 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 890210 |
| 59 | ത്രിവേണി ക്രഷർ റോഡ് നവീകരണം ഫോർത്ത് റീച് വാർഡ്-1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1317446 | 0 | 1317446 |
| 60 | മുടക്കുഴ ഈസ്റ്റ് എം ഡി കനാൽ ബണ്ട് റോഡ് നവീകരണം വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 300000 |
| 61 | അകനാട് കോരമംഗലം റോഡ് നവീകരണം വാർഡ്-2 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 900000 | 0 | 900000 |

| Proj No | ProjectName | PlanGen | SCP | TFC | WorldBk | SpecialGr | CSS | SSS | OwnFund | BP | DP | NonRoad | Road | OtherFund | Tot |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 63 | അകനാട് കറിച്ചിലക്കോട് ലിങ്ക് റോഡ് തറക്കാട് കോളനി റോഡ് നവീകരണം വാർഡ്-2 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 567446 | 0 | 567446 |
| 64 | വിവിധ ആശുപത്രികളുടെ അറ്റകുറ്റപണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1151600 | 0 | 0 | 1151600 |
| 65 | മുടക്കുഴ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 66 | ചുണ്ടക്കുഴി വാരിക്കാട്ട് ചിറ ലിങ്ക് റോഡ് നവീകരണം വാർഡ്-3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 595454 | 0 | 595454 |
| 67 | കറിച്ചിലക്കോട് ചുണ്ടക്കുഴി കനാൽ ബണ്ട് റോഡ് നവീകരണം വാർഡ്-4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1316746 | 0 | 1316746 |
| 68 | ചൂരമുടി ചങ്ങഴഞ്ചേരി അമ്പലം റോഡ് നവീകരണം തേഡ് റീച് വാർഡ്-4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 80300 | 0 | 80300 |
| 69 | കണ്ണഞ്ചേരി മുകൾ വെട്ടിയേലി റോഡ് നവീകരണം വാർഡ്-5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 975868 | 0 | 975868 |
| 70 | വെസ്റ്റേൺ വില്ല റോഡ് നവീകരണം വാർഡ്-6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 172700 | 0 | 172700 |
| 71 | ഇരുത്തി പുന്നയം പാശ്ശാട്ട് മന ലിങ്ക് റോഡ് നവീകരണം വാർഡ്-6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 246400 | 0 | 246400 |
| 72 | പ്രതിഭാ ലൈബ്രറി ഗ്രൌണ്ട് റോഡ് നവീകരണം വാർഡ്-8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 176046 | 0 | 176046 |
| 73 | ഇരുത്തി അങ്കണവാടി ലിങ്ക് റോഡ് നവീകരണം വാർഡ്-6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 217800 | 0 | 217800 |
| 74 | വാര്യരുപടി വില്ലേജ് ഓഫിസ് ലിങ്ക് റോഡ് നവീകരണം വാർഡ്-8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 234300 | 0 | 234300 |
| 75 | പ്രളയക്കാട് അമ്പലം പടി പുലച്ചിറ റോഡ് നവീകരണം ഫോർത്ത് റീച്ച് വാർഡ്-8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 481800 | 0 | 481800 |
| 76 | പ്രളയക്കാട് ഇരുത്ത് റോഡ് നവീകരണം വാർഡ്-8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 166100 | 0 | 166100 |
| 77 | മുടക്കുഴ വെസ്റ്റ് എംഡി കനാൽ ബണ്ട് റോഡ് നവീകരണം വാർഡ്-8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 81400 | 0 | 81400 |

| Proj No | ProjectName | PlanGen | SCP | TFC | WorldBk | SpecialGr | CSS | SSS | OwnFund | BP | DP | NonRoad | Road | OtherFund | Tot |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 78 | കറ്റിയേലി കരുപ്പം കന്ന് കനാൽ ബണ്ട് റോഡ് നവീകരണം വാർഡ്-9 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1467446 | 0 | 1467446 |
| 79 | പണ്ടാരം കടി എസ്സികോളനി റോഡ് നവീകരണം സെക്കണ്ട് റീച്ച് വാർഡ്-10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 195800 | 0 | 195800 |
| 80 | കാരുണ്യ സ്പർശം ഡയാലിസിസ് ചികിത്സ സഹായം ബാക്കി തുക നൽകൽ | 0 | 0 | 0 | 0 | 0 | 0 | 0 | 83000 | 0 | 0 | 0 | 0 | 0 | 83000 |
| 81 | പേവിഷബാധ നിർമ്മാർജ്ജനം | 30000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 |
| 82 | ഗോവ® ദ്ധിനി - വനിതക® ക്ക് ഉപജീവനമാ® ഗ്ഗം - കറവപശു വാങ്ങ® പദ്ധതി | 990000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 990000 | 1980000 |
| 83 | പെട്ട മല കടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻമാറ്റി സ്ഥാപിക്കൽ | 0 | 0 | 900000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 900000 |
| 84 | മുടക്കുഴ വെസ്റ്റ് എം ഡി കനാൽ ബണ്ട് റോഡ് നവീകരണം - വാർഡ് 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 345400 | 0 | 345400 |
| 85 | പുഴക്കാട് പെരിയാർവാലി കനാൽ ബണ്ട് റോഡ് നവീകരണം - വാർഡ് 6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 165000 | 0 | 165000 |
| 86 | തുരുത്തി കാവുംകടി റോഡ് നവീകരണം - വാർഡ് 7 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 323400 | 0 | 323400 |
| 87 | പ്രളയക്കാട് മില്ലുംപടി റോഡ് നവീകരണം - വാർഡ് 7 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 685300 | 0 | 685300 |
| 88 | പ്രളയക്കാട് അംഗൻവാടി റോഡ് നവീകരണം - വാർഡ് 7 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 240900 | 0 | 240900 |
| 89 | പ്രളയക്കാട് പ്രിയദർശിനി റോഡ് നവീകരണം - വാർഡ് 8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 327800 | 0 | 327800 |
| 90 | കറുക്കൻപൊട്ട മുട്ടകഴി റോഡ് നവീകരണം - വാർഡ് 10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1243000 | 0 | 1243000 |
| 91 | തുരുത്തി പുതുരുത്തി പാടം റോഡ് നവീകരണം - വാർഡ് 6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 80000 | 0 | 80000 |

| Proj No | ProjectName | PlanGen | SCP | TFC | WorldBk | SpecialGr | CSS | SSS | OwnFund | BP | DP | NonRoad | Road | OtherFund | Tot |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 92 | അകനാട് കൂട്ടപുറം വിഷ്ണു ക്ഷേത്രം റോഡ് നവീകരണം - വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 220000 | 0 | 220000 |
| 93 | കോഴിക്കോടൻ റോഡ് നവീകരണം - വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 262900 | 0 | 262900 |
| 94 | ശാസ്താ റോഡ് നവീകരണം - വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 192500 | 0 | 192500 |
| 95 | ഐശ്വര്യ റോഡ് നവീകരണം - വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 69300 | 0 | 69300 |
| 96 | കൊരുമ്പുമാം ലിങ്ക് റോഡ് നവീകരണം - വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 178200 | 0 | 178200 |
| 97 | മുട്ടകഴി താന്നിക്കോട് റോഡ് നവീകരണം - വാർഡ് 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 557700 | 0 | 557700 |
| 98 | കറുക്കൻപൊട്ട താന്നിക്കോട് റോഡ് നവീകരണം - വാർഡ് 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 433446 | 0 | 433446 |
| 99 | തൂക്കേപ്പടി തട്ടേക്കാട് ലിങ്ക് റോഡ് നവീകരണം - വാർഡ് 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 314600 | 0 | 314600 |
| 100 | കക്കാട്ടുമാലി ഇരുത്ത് കോളനി റോഡ് നവീകരണം സെക്കന്റ് റീച്ച് - വാർഡ് 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 161700 | 0 | 161700 |
| 101 | കപ്പേളപ്പടി റോഡ് നവീകരണം - വാർഡ് 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 60000 | 0 | 60000 |
| 102 | വാർഡ് 10 13 റോഡുകളുടെ നവീകരണം 1 പുളിഞ്ചുവട് ലിങ്ക് റോഡ് വാർഡ് 10 2 നെട്ടൻസിറ്റി ആര്യമ്പാടം റോഡ് വാർഡ് 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 245000 | 0 | 245000 |
| 103 | കണിച്ചപറമ്പ് കോളനി റോഡ് നവീകരണം - വാർഡ് 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 257146 | 0 | 557146 |
| 104 | ആര്യമ്പാടം മുത്തംകളം റോഡ് നവീകരണം - വാർഡ് 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 905300 | 0 | 905300 |
| 105 | എം സി എഫ് നവീകരണവും അനുബന്ധ പ്രവർത്തനങ്ങളും | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 0 | 400000 |
| 106 | ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി ആറാം ഘട്ടം | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |

| Proj No | ProjectName | PlanGen | SCP | TFC | WorldBk | SpecialGr | CSS | SSS | OwnFund | BP | DP | NonRoad | Road | OtherFund | Tot |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 107 | കാരുണ്യസ്പ® ശം | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 |
| 108 | ഉരുത്തി മൃഗാശുപത്രിക്ക മരുന്ന് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 109 | പനിയേലി പൊട്ട തോടിന് കുറുകെ നടപ്പാലം നവീകരണം വാ® ഡ് 7 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 163546 | 0 | 163546 |
| 110 | ഉരുത്തി മൃഗശുപത്രി കടിജ® സി ചെലവുകള് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 | 0 | 0 | 30000 |
| 111 | മുടക്കുഴ പഞ്ചായത്തിലെ വിവിധ റോഡുകളുടെ അറ്റകുറ്റപ്പണിക® 1 ചിറക്ക® ഫാം റോഡ് വാ® ഡ് -7 2 ചൂരമുടി ചെട്ടിനട കനാ® ബണ്ട് റോഡ് വാ® ഡ് -4 3 എ കെ ജോസഫ് മെമ്മോറിയ® റോഡ് വാ® ഡ്-10 4 ത്രിവേണി ക്രഷ® റോഡ് വാ® ഡ്-1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 304000 | 0 | 304000 |
| 113 | ബാപ്പിസ്റ്റ് റോഡ് നവീകരണം വാ® ഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 244546 | 0 | 244546 |
| 114 | അസിസ്റ്റന്റ് എഞ്ചിനീയരുടെ ഓഫിസിലേക്ക കസേര വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 | 0 | 0 | 25000 |
| 115 | വിവിധ സ്കൂളുകളുടെ അറ്റകുറ്റ പ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 0 | 600000 |
| 116 | മെൻസ്ട്ര® കപ്പ് വിതരണം | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 117 | വിവിധ അങ്കണവാടികളുടെ അറ്റകുറ്റ പ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 0 | 0 | 400000 |
| 118 | കൃഷി ഭവനിൽ തൈകൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ് നിർമാണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 119 | പഞ്ചായത്ത് കിണ® പുഴക്കാട് കാവ് റോഡ് നവീകരണം വാ® ഡ് 6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 585546 | 0 | 585546 |
| 120 | മുടക്കുഴ തോട് ശുചീകരണം | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 121 | മുപ്പത്തിപ്പാടം തോട് സംരക്ഷണവും ശുചീകരണവും | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 122 | ചുരുളിച്ചിറ നവീകരണം | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 123 | വടേക്കുളം ഡ്രൈയിനേജ് നി® മ്മാണം | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 124 | മ® ട്ടിഇയ® പ്രോജക്റ്റ് ഉക ന® ക® | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1018170 | 0 | 1018170 |

| Proj No | ProjectName | PlanGen | SCP | TFC | WorldBk | SpecialGr | CSS | SSS | OwnFund | BP | DP | NonRoad | Road | OtherFund | Tot |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 125 | തെരുവ് നായ നിയന്ത്രണ പദ്ധതി | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 126 | ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 127 | വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 128 | പഞ്ചായത്ത് ഓഫീസ് അനുബന്ധ കെട്ടിട നിർമ്മാണം 2-ാം ഘട്ടം | 0 | 0 | 647000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 647000 |
| | **ആകെ** | **12829410** | **5258000** | **4992000** | **0** | **0** | **800000** | **5500000** | **1793000** | **3950000** | **4050000** | **7061600** | **19077452** | **8069100** | |

# അദ്ധ്യായം 7

## പ്രത്യേക പദ്ധതികൾ പരിപാടികള്

മുടക്കഴ ഗ്രാമപഞ്ചായത്തിലെ 2025/26 സാമ്പത്തിക വർഷത്തേക്കുള്ള പ്രത്യേക പദ്ധതികളിൽ പട്ടികജാതി ഉപപദ്ധതി, വനിത ഘടകപദ്ധതി,സാമൂഹ്യ സുരക്ഷ പദ്ധതികളിൽ പെടുത്തി കുട്ടികള് ,ഭിന്നശേഷിയുള്ളവർ, വയോജനങ്ങൽ, പാലീയേറ്റീവ് കെയർ എന്നിവയും അതിദരിദിരരുമായി ബന്ധപ്പെട്ട് ആശ്രയ പദ്ധതിയും 15ാംധനകാര്യകമ്മീഷനുമായി ബന്ധപ്പെട്ട പദ്ധതി,ആസ്തി സംരക്ഷണ പദ്ധതി ദുരന്തമാനേജ് മെൻറ്-കാലാവസ്ഥ വ്യതിയാനം ,സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംബന്ധിച്ച സമീപനത്തിൽ ഊന്നിയുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.പൊതുമായി താഴെ പറയുന്ന സുസ്ഥിര വികസനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പദ്ധതികളാണ് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ളത്.

1.ദാരിദ്ര്യം ഇല്ലാതാക്കൽ
2.ഭക്ഷ്യ സുരക്ഷിതത്വം കൈവരിക്കൽ
3.ആരോഗ്യപൂർണമായ ജീവിതം ഉപ്പവരുത്തുക
4.വിദ്യാഭ്യാസം-ഉല്യതയും ഗുണപരതയും
5.ലിംഗസമത്വം കൈവരിക്കൽ
6.സുസ്ഥിത ജലപരിപാലനവും എല്ലാവർക്കും ശുചിത്വവും
7.ആധുനിക ഊർജ്ജം
8.എല്ലാവർക്കും മാന്യമായ തൊഴില്
9.പശ്ചാത്തല സൌകര്യങ്ങൾ
10.അസമത്വം കുറക്കുക
11.സുസ്ഥിരവും സുരക്ഷിതവുമായ പാർപ്പിടം.
12.സുസ്ഥിര ഉപഭോഗം
13.കാലാവസ്ഥ വ്യതിയാനം നേരിടൽ
15.ഭൌമവ്യൂഹത്തിൻറെ സംരക്ഷണം
16. ഉത്തരവാദ്ത്തപൂർണവും ഫലപ്രദവുമായ സ്ഥാപനങ്ങള്
17 ആഗോള പങ്കാളിത്തം

മുടക്കഴ ഗ്രാമപഞ്ചായത്തിന് 2025/26 വാർഷിക പദ്ധതിക്ക് ലഭ്യമാകുന്ന 6140000 രൂപ വിനിയോഗിച്ച് പട്ടികജാതി വിഭാഗക്കാർക്ക് സേവന മേഖലയിലും പശ്ചാത്തല മേഖലയിലും പദ്ധതികൾ ആവിഷ്കരിക്കുന്നു. എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം,ലാപ്പ്ടോപ്പ്,മെറിട്ടോറിയസ് സ്കോളർ ഷിപ്പ് ഉൾപ്പെടെ നിരവധി പദ്ധതികള് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പാലിയേറ്റീവ് കെയർ പദ്ധതികൾക്കായും മാനസിക ശാരീരികവെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പിനായും പദ്ധതികള് ഏറ്റെടുത്തിരിക്കുന്നു.സ്ത്രീകൾക്ക് മാത്രമായി പ്ളാൻഫണ്ടിൻറെ 10 ശതമാനം നീക്കിവച്ചിട്ടുണ്ട് .അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി ആശ്രയപദ്ധതിയും ബ്ളോക്ക്,ജില്ല സഹായത്തോടെ നടപ്പിലാക്കുന്നു,പഞ്ചായത്ത് അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുക്കുന്ന പ്രത്യേക മേഖലയാണ് ഭവന നിർമ്മാണം.പ്ളാൻ ജനറല് ഫണ്ടിൻറെ 20 ശതമാനം തന്നെ ലൈഫ് ഭവന പദ്ധതിക്കായി നീക്കിവക്കുന്നു.സ്ത്രീകൾക്കും കുട്ടികൾക്കുമായി അങ്കണവാടി പോഷകാഹാരത്തിനായി 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അതിദരിദ്രരുടെ ഉന്നമനത്തിനായി 2 ലക്ഷം രൂപയുടെ പദ്ധതികള് ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് ബാധ്യസ്ഥരാണ്. കൂടാതെ വാതിൽപ്പടി സേവനം വഴി മരുന്ന്, സേവനങ്ങൾ, ഭക്ഷണം

എന്നിവ അശരണരുടെ വീടുകളിൽ എത്തിക്കുന്ന ദൌത്യം ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി 1 ലക്ഷം രൂപ മാറ്റിവച്ചിരിക്കുന്നു.

## അദ്ധ്യായം 8

## വായ്പ ബന്ധങ്ങൾ

മുടക്കുഴ ഗ്രാമപഞ്ചായത്ത് പരിധിയില് തന്നെ ഒരു സർവ്വീസ് സഹകരണബാങ്ക് ഉൾപ്പെടെ മൂന്നോളം ബാങ്കുകള് നിലവില് ഉണ്ട്. ഗ്രാമപഞ്ചായത്തിൻറെ വിവിധ പദ്ധതികളുടായി ബന്ധപ്പെട്ട് ലോണുകളും റിവോൾവിംഗ് ഫണ്ടും ലഭ്യമാക്കുന്നതിന് ഇത്തരം സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി വരുന്നു. സ്വയം സഹായ സംഘങ്ങളും കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങളും വിവിധ ബാങ്കുകളുടെ സഹായസഹകരണത്തോടെ പ്രവർത്തിച്ച് വരുന്നു.ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഹഡ്കോ ലോൺ സംഘടിപ്പിച്ചും ഗുണഭോക്തൃവിഹിതം അടക്കേണ്ട പല പദ്ധതികൾക്കും ലോണുകള് ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുന്നതിന് പഞ്ചായത്ത് ബാങ്കുകളുമായും ഇതര ധനകാര്യസ്ഥാപനങ്ങളുമായും ചർച്ചകള് നടത്തുകയും നടപടികള് സ്വീകരിക്കുകയും ചെയ്തുവരുന്നു. കുടുംബശ്രീ സംരഭങ്ങൾക്കായി ബാങ്ക് ലോണ് അനുവദിക്കുകയും അത് അർഹരായവരിലേക്ക് എത്തുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുകയും തുകയുടെ വിനിയോഗം മോണിട്ടര് ചെയ്യുകയും വഴി വികസന രംഗത്ത് ധനകാര്യ സ്ഥാപനങ്ങളുടെ ഇടപെടൽ സുഗമമാക്കുന്നു.

## അദ്ധ്യായം 9

## സമഗ്ര പരിപാടികളും സംയോജന സാദ്ധ്യതകളും

പദ്ധതി പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലുള്ള സംയോജനം അവയുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും ത്രിതല പഞ്ചായത്ത് പദ്ധതികളുടെയും സംയോജനം ഇതിന് അനിവാര്യമാണ്.അതുപോലെ എം.എൽ എ, എം,പി എന്നിവരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.ഇതിന് വിവിധ മേഖലയിലുള്ള ജനങ്ങളുടെ അവസ്ഥ പഠനവും അവരുടെ പ്രശ്നങ്ങള് സംബന്ധിച്ച അവഗാഹവും പഞ്ചായത്ത് തലത്തിലെ സാധ്യമാക്കാനാകു.. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണങ്ങളും എസ്.സി മേഖലയിലെ വിവിധ ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങളും ഉയർന്ന വിദ്യാഭ്യാസത്തിനുള്ള അവസരങ്ങളും പ്രദാനം ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ ഗ്രാമസഭയില് നിന്ന് ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധ ചെലുത്തുന്നു.അർഹരായ ആരും ഒഴിവാക്കപ്പെടുന്നില്ല എന്ന് ഇത് മൂലം ഉറപ്പ് വരുത്തപ്പെടുന്നു. മഹാത്മാഗാന്ധി NREGS വഴി നടപ്പിലാക്കുന്ന പദ്ധതികളില് ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സംയുക്ത ഇടപെടലുകൾ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിൽ വലിയ പങ്ക് വഹിച്ചു വരുന്നു.മുടക്കുഴ യു.പി സ്കൂളിനും അകനാട് ഗവ എൽ പി സ്കൂളിനും എം.എൽ.എ ഫണ്ട് വിനിയോഗിച്ച് കെട്ടിട നിർമ്മാണം ഉൾപ്പെടെ നിരവധി പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ പട്ടികജാതി വിഭാഗത്തിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പും

ഉന്നത പഠനത്തിനുള്ള സഹായങ്ങളും ഉറപ്പുവരുത്തിയിട്ടുണ്ട്. അംഗവൈകല്യം സംഭവിച്ചവർക്ക് ആശ്വാസമായി ജില്ലാ പഞ്ചായത്ത് വഴി സഹായ ഉപകരണങ്ങളും ഇലക്ട്രോണിക് വീൽ ചെയറുകളും മുച്ചക്രവാഹനങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങള് നടന്നു വരുന്നു.എല്ലാവർക്കും വീട് എന്ന സർക്കാരിന്റെ മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ലൈഫ് ഭവന പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും വിഹിതം അനുവദിക്കുക വഴി ഈ മേഘലയിലും സഹകരണത്തിന്റെ സാധ്യത ഉറപ്പുവരുത്തിയിരിക്കുന്നു. 2020 ല് ലൈഫ് ഭവന പദ്ധതിയുടെ പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറായിട്ടുള്ള സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകള് മാത്രം മുൻകൈ എടുത്താല് പദ്ധതി വിജയപ്രദമായി കൊണ്ടുപോകുവാൻ കഴിയില്ല എന്ന വസ്തുത മനസിലാക്കി ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ സാമ്പത്തിക സഹായം അധികമായി ഉറപ്പുവരുത്തേണ്ടതുണ്ട്.

# അദ്ധ്യായം 10

## മോണിട്ടറിംഗ്

കഴിഞ്ഞ പഞ്ചവൽസരക്കാലത്ത് പദ്ധതി പ്രവർത്തനങ്ങള് അപാകതകള് കൂടാതെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത് പദ്ധതി രൂപീകരണസമയത്ത് തന്നെ ആവിഷ്കരിച്ചിട്ടുള്ള മോണിട്ടറിംഗ് സംവിധാനങ്ങളുടെ മേന്മ കൊണ്ട് ആണ് എന്ന് വ്യക്തമാണ്.ആസൂത്രണ സമിതിയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും പദ്ധതി രൂപീകരണ സമയത്ത് മോണിട്ടറിംഗിൽ ഏറെ ശ്രദ്ധ ചെലുത്തുന്നു. പദ്ധതിയുടെ മോണിട്ടറിംഗ് വേണ്ട ഘട്ടങ്ങൾ പദ്ധതിയിൽ തന്നെ എഴുതിചേർത്ത് നിർവ്വഹണവും മോണിട്ടറിംഗും ഒരേസമയം നടക്കുന്ന സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. പദ്ധതി രൂപീകരണത്തിനോട് ചേർന്ന് മേലുദ്യോഗസ്ഥരുടെ വെറ്റിംഗിന് ശേഷമാണ് നിർവ്വഹണ ഘട്ടത്തിലേക്ക് വരുന്നത്.ഒരു വിദഗ്ധൻ ഉൾപ്പെട്ട സമിതി രൂപീരിച്ച് പ്രൊക്യൂവർമെൻറ് നടപടികള് പൂർത്തിയാക്കുന്നു. പ്രത്യേക മോണിട്ടറിംഗ് അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയായിരിക്കെ മോണിട്ടറിംഗ് കൂടുതല് ജനകീയവും സുതാര്യവും ആയിമാറുന്നു.ഇത്തരം മോണിട്ടറിംഗ് റിപ്പോർട്ടുകള് ആത്യന്തികമായി ഗ്രാമസഭകളുടെ പരിഗണനക്ക് സമർപ്പിക്കപ്പെടുമ്പോള് മോണിട്ടറിംഗ് പ്രക്രിയ കൂടുതല് കാര്യക്ഷമമായി തീരുന്നു.ഇത് കൂടാതെ കേരള സ്റ്റേറ്റ് ഓഡിറ്റും അക്കൌണ്ടൻറ് ജനറലിൻറെ ഓഡിറ്റും മോണിട്ടറിംഗിൻറെ വിവിധ ഘട്ടങ്ങളാണ്. ആകെ 13 വർക്കിംഗ് ഗ്രൂപ്പുകൾ ആണുള്ളത്. ഓരോന്നിന്റെയും കൺവീനർ, ചെയർപേഴ്സൺ എന്നിവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റി | ചെയർപേഴ്സൺ /ചെയർമാൻ | കൺവീനർ |
|---|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും (കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ) | ധനകാര്യം | ഡോളി മത്തായിക്കുടി | സെക്രട്ടറി മുടക്കുഴ ഗ്രാമപഞ്ചായത്ത് |
| 2 | കൃഷി (ഉത്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ) മത്സ്യബന്ധനം, തൊഴിലുറപ്പ്, മണ്ണ് ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം | വികസനം | റോഷ്നി എൽദോ | കൃഷി ഓഫീസർ |
| 3 | മൃഗസംരക്ഷണം ക്ഷീരവികസനം | വികസനം | സുനിത് പി.എസ് | വെറ്റേറിനറി സർജ്ജൻ തുരുത്തി |
| 4 | പ്രാദേശിക സാമ്പത്തിക വികസനം(ചെറുകിട വ്യവസായം, സൂക്ഷ്മ | വികസനം | രജിത ജെയ്മോൻ | വി.ഇ.ഒ, അകനാട് |

| | | | | |
|---|---|---|---|---|
| | സംരഭങ്ങൾ ഉൾപ്പെടെ, സഹകരണം മുതലായവ) | | | |
| 5 | ദാരിദ്ര ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | ക്ഷേമകാര്യം | നിഷ സന്ദീപ് | വി.ഇ.ഒ, തുരുത്തി |
| 6 | സാമൂഹ്യ നീതി (ഭിന്നശേഷി ഉള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗക്കാർ ഉൾപ്പെടെ) | ക്ഷേമകാര്യം | വത്സ വേലായുധൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 7 | വനിത വികസനം | ക്ഷേമകാര്യം | ബിന്ദു ഉണ്ണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 8 | പട്ടികജാതി വികസനം / പട്ടിക വർഗ്ഗ വികസനം | ക്ഷേമകാര്യം | അനാമിക ശിവൻ | അസ്സി.സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത് |
| 9 | ആരോഗ്യം | ആരോഗ്യവും വിദ്യാഭ്യാസവും | കെ.ജെ മാത്യു | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 10 | കുടിവെള്ളം ശുചിത്വം | ആരോഗ്യവും വിദ്യഭ്യാസവും | വിപിൻ പരമേശ്വരൻ | അസ്സി.എഞ്ചിനീയർ എൽ.എസ്.ജി.ഡി |
| 11 | വിദ്യാഭ്യാസം, കലയും സാംസ്കാരികവും യുവജനകാര്യം | ആരോഗ്യവും വിദ്യഭ്യാസവും | സോമി ബിജു | ഹെഡ്മിസ്ട്രസ്സ്, മുടക്കുഴ യു.പി സ്കൂൾ |
| 12 | പൊതുമരാമത്ത് (വൈദ്യുതി ഊർജ്ജം ഉൾപ്പെടെ) | വികസനം | ജോസ് എ പോൾ | അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി |
| 13 | പരിസ്ഥിതി, ജൈവവൈവിധ്യം, ദുരന്തനിവാരണം | വികസനം | പ്രസിഡന്റ്, മുടക്കുഴ ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത് |

ടി വർക്കിംഗ് ഗ്രൂപ്പുകൾ മേഖലാടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും പദ്ധതികളുടെ പരിശോധന നടത്തുകയും അവയുടെ ശരിയായ രീതിയിലുള്ള നിർവ്വഹണം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഓരോ പ്രവർത്തന കമ്മിറ്റിയും കൺവീനറുടെ നേതൃത്വത്തിൽ മോണിട്ടറിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നു.

********

# നന്ദി

14-ാം പഞ്ചവത്സരപദ്ധതിയുടെ 4-ാം വാർഷിക പദ്ധതിയായ 2025-26 വർഷത്തെ പദ്ധതി നടപ്പിലാക്കുന്ന ഈ അവസരത്തിൽ വികസനത്തിന്റെ രൂപരേഖയായ ഈ പദ്ധതിരേഖ തയ്യാറാക്കുന്നതിന് വ്യക്തമായ കാഴ്ചപ്പാടോടെയും ആർജ്ജവമായ ഉൾക്കാഴ്ചയോടെയും നിസ്വാർത്ഥവും നിരന്തരവുമായ സേവനം നൽകിയ ജനപ്രതിനിധികളോടും ഉദ്യോഗസ്ഥരോടും ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളോടും ഇതര വ്യക്തികളോടും അകൈതവമായ നന്ദിയും കടപ്പാടും രേഖപ്പെടുത്തിക്കൊള്ളുന്നു.

മുടക്കുഴ
10/04/2025

സെക്രട്ടറി
മുടക്കുഴ ഗ്രാമപഞ്ചായത്ത്